AUGUST 2014 VOL :22, ISSUE: 8

ALHAQ

# അൽഹഖ്

സുഹൂർ 1393 | റമദാൻ–ശവ്വാൽ 1435 | കർക്കിടകം – ചിങ്ങം 1189

## ത്യാഗങ്ങൾ ജമാഅത്തിനെ തളർത്തുന്നതല്ല

ഹദ്റത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്)



തീർച്ചയായും ജമാഅത്തംഗങ്ങൾക്ക് ത്യാഗങ്ങൾ സമർപ്പിക്കേണ്ടതായി വരുന്നതാണ്. എന്നാൽ അല്ലാഹു നട്ടിരിക്കുന്ന ജമാഅത്താകുന്ന ഈ വൃക്ഷം അല്ലാഹുവിന്റ അനുഗ്രഹത്താൽ വളരുകയും പുഷ്പിക്കുകയുംകായ്ക്കുകയും ചെയ്യും. ഇൻശാ അല്ലാഹ്. ഈ അഗ്നി ജ്വലിപ്പിക്കുന്നവർ സ്വയം തങ്ങളെ അതേ അഗ്നിയിൽ കത്തിക്കപ്പെടുന്നനരായി കാണുന്നതാണ്.

(ഖുത്വുബ ജുമുഅ: 1.8.14)


സമുദായത്തിന്റെ അഭിവൃദ്ധിക്ക് ത്യാഗങ്ങൾ അനിവാര്യം 3

സൗഹൃദത്തിന് ആരാണ് യോഗ്യർ 4

അൻസാറുല്ലാഹ് ജമാഅത്തിന്റെ തലച്ചോറാകുന്നു 7

ലജ്ജിതരുടെ പദവി 9

ചരിത്രം
HISTORY



ഹദ്റത് മുസ്‌ലിഹ് മൗഊദ്

# 1946 ലെ ബീഹാർ കലാപവും അഹ്മദിയ്യാ ജമാഅത്തിന്റെ ക്ഷേമപ്രവർത്തനങ്ങളും

**1946** ൽ ബിഹാറിൽ ശക്തമായ കലാപം പൊട്ടിപ്പുറപ്പെടുകയുണ്ടായി. ആയിരക്കണക്കിന് നിഷ്കളങ്കരായ മുസ്‌ലിംകൾ ശഹീദാക്കപ്പെട്ടു. നിരവധി വീടുകൾ അഗ്നിക്കിരയാക്കി. മുസ്‌ലിം ഗ്രാമങ്ങൾ തന്നെ തുടച്ചു നീക്കി. ഒരു ലക്ഷത്തി പതിനായിരം മുസ്‌ലിംകൾ അഭയാർഥികളായി.






മുഹമ്മദലി ജിന്ന



ഭാഗൽപൂരിൽ നിന്നും റിട്ടയേർഡ് പോലീസ് ഡപ്യൂട്ടി സൂപ്രണ്ട് മൗലവി അഖ്തർ അലി സാഹിബ് ഹദ്റത് മുസ്‌ലിഹ് മൗഊദ് (റ) ന് ഒരു കത്തെഴുതിക്കൊണ്ട് ബിഹാറിൽ സ്പെയിനിലെ ചരിത്രമാണ് ആവർത്തിക്കുന്നതെന്ന് പരാമർശിക്കുകയുണ്ടായി. തുടർന്ന് സഹായഭ്യർഥനയും നടത്തി. തുടർന്ന് ഹദ്റത് മുസ്‌ലിഹ് മൗഊദ് (റ) ബീഹാറിലെ മർദിതരായ മുസ്‌ലിംകൾക്കായി ബീഹാർ റിലീഫ് ഫണ്ടിലേക്ക് മുഹമ്മദലി ജിന്ന സാഹിബിന്റെ പേരിൽ 15000 രൂപ ആദ്യഘഡുവായി സഹായധനം അയക്കുകയുണ്ടായി. അതിനു മറുപടിയായി ജിന്നാ സാഹിബ് എഴുതി, താങ്കളുടെ കത്തും ചെക്കും ലഭിച്ചു. താങ്കളുടെ സഹായത്തിന് വളരെയധികം നന്ദി രേഖപ്പെടുത്തുന്നു.

ആദ്യഘഡുവിന് ശേഷം വീണ്ടും 30000 രൂപ ബിഹാർ റിലീഫ് ഫണ്ടിലേക്ക് അയച്ചു. സഹായധനത്തെ കൂടാതെ ഹദ്റത് മുസ്‌ലിഹ് മൗഊദ് (റ) നവംബർ 14, 1946 ന് ഖാദിയാനിൽ നിന്ന് ഒരു വൈദ്യസംഘത്തെ മൗലവി ബർകാത്ത് അഹ്മദ് സാഹിബ് നാഇബ് നാസിർ ഉമൂർ ആമയുടെ നേതൃത്വത്തിൽ ബിഹാറിലേക്ക് അയക്കുകയുണ്ടായി. പിന്നീട് ഡിസംബറിലും ജനുവരിയിലും ഓരോ വൈദ്യസംഘത്തെ ബീഹാറിലേക്ക് പീഢിതരുടെ സഹായത്തിനായി അയക്കുകയുണ്ടായി. ഈ മനുഷ്യസേവനം വളരെയധികം പ്രശംസയ്ക്ക് കാരണമായിത്തീരുകയും ചെയ്തിരുന്നു.

*(താരീഖെ അഹ്മദിയ്യത്ത്: വാള്യം 9)*

തഫ്സീർ

ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി (റ)



قُتِلَ اَصۡحٰبُ الۡاُخۡدُوۡدِ ۙ﴿۵﴾ النَّارِ ذَاتِ الۡوَقُوۡدِ ۙ﴿۶﴾ اِذۡ هُمۡ عَلَيۡهَا قُعُوۡدٌ ۙ﴿۷﴾ وَّهُمۡ عَلٰى مَا يَفۡعَلُوۡنَ بِالۡمُؤۡمِنِيۡنَ شُهُوۡدٌ ؕ﴿۸﴾ (85: 5 - 8)



# സമുദായത്തിന്റെ അഭിവൃദ്ധിക്ക് ത്യാഗങ്ങൾ അനിവാര്യം

**മഹത്തായ പ്രവചനം**

എന്റെ അഭിപ്രായത്തിൽ ഈ ആയത്തിലൂടെ അല്ലാഹു മറ്റൊരു പ്രവചനത്തിന് ആരംഭം കുറിച്ചിരിക്കുകയാണ്. ആദ്യം പറഞ്ഞത് മസീഹ് മൗഊദ് വെളിപ്പെടുകയും ഇസ്‌ലാമിനെ വിജയിപ്പിക്കുകയും ചെയ്യുമെന്നുമായിരുന്നു. അതിന് തെളിവായി നൽകിയത് ഇസ്‌ലാമിന്റെ പുനരുദ്ധാരണത്തിനായി മുജദ്ദിദുമാരെ അല്ലാഹു എപ്പോഴും അയച്ചുകൊണ്ടിരുന്നു എന്നതിന് കഴിഞ്ഞകാലഘട്ടം സാക്ഷിയാണെന്നായിരുന്നു. അതിനാൽ ഭാവിയിലും അത് നിലനിന്നുപോകേണ്ടത് അനിവാര്യമാകുന്നു. വിശേഷിച്ചും നാം ഒരു വാഗ്ദത്ത പുരുഷനെ കുറിച്ച് അറിയിപ്പും നൽകിയിരിക്കുന്നു.

**തെറ്റിദ്ധാരണ വേണ്ട**

അതിനാൽ നാം ഇപ്പോൾ പറയുന്നു, ആ വാഗ്ദ ത്ത ദിനം എളുപ്പത്തിൽ കരഗതമാകുന്നതല്ല. മറിച്ച്, അതിന്നായി വിശ്വാസികൾക്ക് വളരെ വലിയ ത്യാഗങ്ങൾ ചെയ്യേണ്ടതായി വരുന്നതാണ്. അല്ലാഹു വാഗ്ദത്ത ദിനത്തെ സംബന്ധിച്ച് വളരെ ശക്തമായി പറഞ്ഞിട്ടുള്ള കാരണത്താൽ വാഗ്ദത്തദിനം സ്വയം തന്നെ ആഗതമാകുന്നതാണെന്ന് വാഗ്ദത്തജമാഅത്ത് കരുതിയേക്കാം. തങ്ങൾക്ക് അതിന്നായി പ്രത്യേക പരിശ്രമങ്ങളൊന്നും ചെയ്യേണ്ടതില്ലെന്ന് അവർ കരുതിയേക്കാം.

**പീഡിതരാകേണ്ടി വരും**

................ പറയുന്നു, വാഗ്ദത്തദിനം സമാഗതമാകുന്നത് തന്നെയാണ്. എന്നാൽ അതിന്നായി നിങ്ങൾക്ക് നിങ്ങളുടെ ജീവനുകളെ പ്രസ്തുത മാർഗത്തിൽ ത്വജിക്കേണ്ടി വരും. എതിരാളികളുടെ പീഢനങ്ങൾക്കും കൊടിയ മർദ്ദനങ്ങൾക്കും ഒരു കാലഘട്ടം വരെ നിങ്ങൾക്ക് ഇരയായിത്തീരേണ്ടി വരുന്നതാണ്.

**വലിയ വിഡ്ഢികൾ**

ഹദ്റത് മസീഹ് മൗഊദ് (അ) ഉം ആവർത്തിച്ചാവർത്തിച്ച് പറഞ്ഞിട്ടുള്ളത്, ഇസ്‌ലാമിന്റെയും അഹ്മദിയ്യത്തിന്റെയും വിജയം നമ്മളിൽ നിന്ന് ഒരു മരണത്തെ ആവശ്യപ്പെടുന്നു. സഹാബാക്കൾ(റ) സമർപ്പിച്ച ത്യാഗങ്ങളോ അല്ലെങ്കിൽ മുൻപ്രവാചകന്മാരുടെ സമുദായങ്ങൾ സമർപിച്ച ത്യാഗങ്ങളോ സമർപിക്കാതെ നമുക്ക് നമ്മുടെ ലക്ഷ്യം കരസ്ഥമാക്കാം എന്നാരെങ്കിലും കരുതുന്നുണ്ടെങ്കിൽ നമ്മെക്കാൾ വലിയ വിഡ്ഢികളും തെറ്റിലകപ്പെട്ടവരും മറ്റാരുമുണ്ടാകില്ല.

ഇസ്‌ലാമിന്റെയും അഹ്മദിയ്യത്തിന്റെയും വിജയം നമ്മുടെ ത്യാഗങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. ഈയൊരു മരണത്തിലാണ് യഥാർഥ ജീവിതം കാണപ്പെടുക. ...........

**ഇസ്‌ലാമിന്റെ വിജയത്തിനുള്ള ഫിദ്‌യ**

"സത്യം വിജയിക്കുന്നതാണ്. ഇസ്‌ലാമിന് ആദ്യകാലങ്ങളിലുണ്ടായ പോലുള്ള പ്രകാശത്തിന്റെയും വിജയത്തിന്റെയും ദിനങ്ങൾ കൈ വരുന്നതാണ്. ആദ്യകാലഘട്ടത്തിലെ പോലെ തന്നെ ആ സൂര്യൻ വീണ്ടും തന്റെ പൂർണ പ്രതാപത്തോടെ ഉദിക്കുന്നതാണ്........ പരിശ്രമത്താലും കഠിനപ്രയത്നത്താലും നമ്മുടെ കരൾ രക്തമാക്കാത്തിടത്തോളം, നാം എല്ലാ സമാധാനങ്ങളെയും അതിന്റെ വരവിനായി നഷ്ടപ്പെടുത്താത്തിടത്തോളം, ഇസ്‌ലാമിന്റെ അഭിമാനത്തിനായി എല്ലാ തരത്തിലുള്ള അപമാനത്തെയും സ്വീകരിക്കാൻ തയ്യാറാകാത്തിടത്തോളം അതിനെ ഉദിക്കുന്നതിൽ നിന്നും ആകാശം തടഞ്ഞു നിർത്തുന്നതാണ്. ഇസ്‌ലാമിന്റെ പുനർജീവനം നമ്മിൽ നിന്നും ഒരു ഫിദ്‌യ ആവശ്യപ്പെടുന്നു. അതെന്താണ്? അതേ മാർഗത്തിലുള്ള നമ്മുടെ മരണം. ഈ മരണത്തിലാണ് ഇസ്‌ലാമിന്റെ ജീവനവും, മുസ്‌ലിംകളുടെ ജീവനവും, ജീവനുള്ള ദൈവത്തിന്റെ പ്രതാപവും നിലകൊള്ളുന്നത്.".........

വീണ്ടും പറയുന്നു, "സഹാബാക്കളെ നോക്കുക, അവർ ദീനിനു വേണ്ടി തങ്ങളുടെ ജീവൻ സമർപിച്ചു. തങ്ങളുടെ അന്തസും ധനവും എല്ലാം തന്നെ ദൈവമാർഗത്തിൽ സമർപ്പണം ചെയ്യാൻ സന്നദ്ധരായി. ഒരു ശത്രുവിന്റെയും ശത്രുതയെ അവർ ഭയപ്പെട്ടില്ല. ദൈവമാർഗത്തിൽ അവർ എല്ലാ വിപത്തുകളെയും അവർ സഹിച്ചു..... മുഴുവൻ ലോകവും ശത്രുവായാലും, എല്ലാ ഭാഗത്തു നിന്നും പാമ്പും തേളും ആക്രമിച്ചാലും, എല്ലായിടത്തു നിന്നും മിന്നൽ പതിച്ചാലും അചഞ്ചലമായി നിൽക്കുന്ന വിശ്വാസമാണ് യഥാർഥ വിശ്വാസം."..

അഹ്മദിയ്യാ ജമാഅത്തിൽ സംജാതമാകേണ്ട ത്യാഗസമർപണത്തിന്റെ ആത്മാവാണിത്, ഈയൊരു ആത്മാവ് ഉടലെടുക്കുമ്പോഴാണ് സമുദായം ജീവസുറ്റതായി തീരുന്നത്.

**രണ്ട് കൂട്ടരോടും അഭിസംബോധന**

അല്ലാഹു ഈ സൂറത്തിൽ ഒരു ഭാഗത്ത് നിഷേധികളെ അഭിസംബോധന ചെയ്തുകൊണ്ട് പറയുന്നു, നിങ്ങൾ 12 നൂറ്റാണ്ടുകൾ വരെ മുജദ്ദിദീംകളെ അംഗീകരിച്ചു വന്നു. ഇപ്പോൾ 13-ാം സ്ഥാനത്തെത്തിയപ്പോൾ നിങ്ങൾക്കെന്തു പറ്റി. നാം നേരത്തേ അറിയിച്ചിരുന്ന വാഗ്ദത്ത പുരുഷൻ വെളിപ്പെട്ടപ്പോൾ നിങ്ങൾ നിഷേധിക്കുകയാണോ? മറുഭാഗത്ത് വിശ്വാസികളോട് പറയുന്നു, ഓർത്തുകൊള്ളുക, നിങ്ങൾക്ക് ആളിക്കത്തുന്ന അഗ്നിയിൽ എരിയേണ്ടി വരുന്നതാണ്. എങ്കിൽ മാത്രമെ ഇസ്‌ലാമിന്റെ പ്രതാപത്തിന്റെ സൂര്യൻ ഉദിക്കുകയുള്ളൂ.

**ഭാവി ചിത്രം**

........ഭാവിയിൽ അഹ്മദിയ്യത്തിന്റെ ശത്രുക്കൾ അവലംബിക്കുന്ന എതിർപ്പിന്റെ തീവ്രതയുടെ ചിത്രമാണ് വരച്ചു കാണിച്ചിരിക്കുന്നത്.

**ഇസ്ഹും അലയ്ഹാ ഖുഊദ്** എന്നതിൽ നിന്നും വ്യക്തമാകുന്നത്, വിശ്വാസികൾക്ക് ശിക്ഷ നൽകിക്കൊണ്ട് ശത്രുക്കൾ ആനന്ദം കൊള്ളും എന്നാണ്.. .........ശിക്ഷ നൽകിയതിന് ശേഷം തങ്ങൾ ചെയ്തത് നല്ല കാര്യമാണെന്ന് കരുതി സന്തോഷിക്കുന്നതാണ്. അതായത് ജാഥകൾ സംഘടിപ്പിച്ചു കൊണ്ട് തങ്ങളുടെ നടപടികളിൽ സന്തോഷം പ്രകടിപ്പിക്കും.....

**വഹും അലാ മായഫ്അലൂന ബിൽ മുഅ് മിനീന ശുഹൂദ്** എന്നതിന്റെ ഒരർഥം, വിശ്വാസികൾ നിരപരാധികളാണെന്ന് അറിഞ്ഞുകൊണ്ട് തന്നെയായിരിക്കും ഈ ശിക്ഷ നൽകുന്നത് എന്നാണ്. മറ്റൊരർഥം, ശിക്ഷ നൽകുമ്പോൾ അവർ സ്വയം അവിടെ സന്നിഹിതരായിരിക്കുകയും അത് വീക്ഷിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നതാണ്. അവരോട് അല്പം പോലും ദയ കാണിക്കില്ല.

**ഇസ്ഹും അലയ്ഹാ ഖുഊദ്** എന്നതിൽ നിന്നും രണ്ട് കാര്യങ്ങൾ വ്യക്തമാകുന്നു. ഒന്ന് അവർ സംഘടിക്കുന്നതാണ്. ജനങ്ങളെ ഒരുമിച്ച് കൂട്ടുന്നതാണ്. എന്നിട്ട് എല്ലാവരുടെയും കൺമുന്നിൽ വെച്ച് അവർക്ക് ശിക്ഷ നൽകുന്നതാണ്. രണ്ട്, ഈ ശിക്ഷാനടപടികൾ നിരന്തരമായി നടന്നു കൊണ്ടിരിക്കുന്നതാണ്..... പറയുന്നു, അവർ ശിക്ഷ മനപൂർവം നൽകുന്നതോടൊപ്പം തന്നെ ശിക്ഷാ നടപടികൾ തുടർന്നു കൊണ്ടിരിക്കുന്നതുമാണ്. നിരന്തരമായി അവരുടെ ഭാഗത്തു നിന്നും പീഢനങ്ങളുടെ സംഭവങ്ങൾ ആവർത്തിച്ചുകൊണ്ടിരിക്കുന്നതാണ്. ഈ കാലഘട്ടങ്ങളിലെ അഹ്മദിയ്യത്തിന്റെ എതിരാളികളെ വീക്ഷിച്ചാൽ അവരുടെ അവസ്ഥ ഇതു തന്നെയാണെന്ന് നമുക്ക് കാണാൻ കഴിയുന്നതാണ്.


(തഫ്സീറെ കബീർ: വാല്യം 8) - ഇബ്നു അശ്റഫ്

ദഅ്‌വത്തെ ഇല്ലല്ലാഹ്



മുജീബ്

# സൗഹൃദത്തിന് ആരാണ് യോഗ്യർ



**മൗലാനാ ദോസ്ത് മുഹമ്മദ് സാഹിബ് ശാഹിദ് മർഹൂം**

ഒരു ശിയാ വിഭാഗക്കാരനായ മൗലവി ബശീർ അഹ്മദ് സാഹിബ് ഓഫ് ടെക്സ്ലാ റബ്‌വയ്ക്കടുത്തുള്ള അഹ്മദ് നഗറിൽ ഒരു പൊതു സമ്മേളനത്തിൽ അഹ്ലെ സുന്നത്ത് വൽ ജമാഅത്തിനെ അഭിസംബോധന ചെയ്തുകൊണ്ട് പ്രസംഗത്തിൽ പറഞ്ഞു, നിങ്ങൾ ഖാദിയാനികളുമായി ഇടപഴകുന്നത് വെറുതെയാണ്. അവർ നിങ്ങളുടെ ജനാസ പോലും നമസ്കരിക്കാൻ ഇഷ്ടപ്പെടാത്തവരാണ്. അടുത്ത ദിവസം അഹ്മദ് നഗർ ജമാഅത്ത് അതിനു മറുപടിയായി ഒരു സമ്മേളനം സംഘടിപ്പിച്ചു. അതിൽ ജാമിഅ അഹ്മദിയ്യ പ്രിൻസിപ്പാളായ ഹദ്റത് ഖാദി മുഹമ്മദ് നസീർ സാഹിബും, മുറബ്ബിയായ ഗ്യാനി വാഹിദ് ഹുസൈൻ സാഹിബും, ഞാനും പ്രഭാഷണം നടത്തുകയുണ്ടായി.

ജനാസയെ സംബന്ധിച്ചുള്ള ചോദ്യത്തിന് മറുപടിയായി ഞാൻ പറഞ്ഞു, അഹ്മദികൾ നബിതിരുമേനി(സ)യുടെ പരിശുദ്ധ മാതൃകയെ പൂർണമായും പിൻപറ്റുന്നവരാണ്. നബി തിരുമേനി(സ) കടബാധ്യതയുള്ള ഒരു സഹാബികളുടെയും ജനാസ നമസ്കരിച്ചിച്ചില്ല എന്ന് ഹദീസുകളിൽ നിന്നും സ്പഷ്ടമാണ്. ഇനി ഞാൻ പറയട്ടെ, മുഴുവൻ മുസ്ലിം സമുദായത്തിനും നബി(സ) യുടെ ഒരു ഭാരിച്ച കടബാധ്യതയുണ്ട്. അതായത്, ഇമാം മഹ്ദി വെളിപ്പെടുമ്പോൾ മഞ്ഞിൻകട്ടകളിലൂടെ മുട്ടിലിഴിഞ്ഞ് പോയിട്ടാണെങ്കിൽ പോലും മുസ്ലിംകൾ അദ്ദേഹത്തിന്റെ പക്കൽ എത്തുകയും ബയ്അത്ത് ചെയ്യുകയും ചെയ്യേണ്ടതാണെന്ന് നബി(സ) പറഞ്ഞിട്ടുണ്ട്. ഇനി റസൂലിനെ സ്നേഹിക്കുന്ന ആരെങ്കിലും ഉണ്ടെങ്കിൽ പറയുക, നമ്മുടെ പരിശുദ്ധ നബി, നബിമാരുടെ രാജാവായ മുഹമ്മദ് റസൂലുല്ലാഹ് (സ) യുടെ കടബാധ്യതയുള്ളയാളുടെ ജനാസ നമസ്കരിക്കാൻ പ്രവാചകസ്നേഹത്തെ സ്വന്തം ജീവനേക്കാൾ വിലമതിക്കുന്ന അഹ്മദികൾക്ക് എങ്ങനെയാണ് ധൈര്യം വരിക? ഇത് ഒന്നോ രണ്ടോ മിനിറ്റ് നിന്ന് ദുആ ചെയ്യുന്ന കാര്യം മാത്രമല്ല. ആർക്ക് വേണ്ടിയാണോ പ്രപഞ്ച സ്രഷ്ടാവായ അല്ലാഹു ഈ പ്രപഞ്ചത്തെ തന്നെ സൃഷ്ടിച്ചത് ആ റസൂലിന്റെ അഭിമാനത്തിന്റെ കാര്യമാണിത്.

അതിനു ശേഷം ഞാൻ അഹ്മദ് നഗർ വാസികളായ സുന്നികളെ അഭിസംബോധന ചെയ്തുകൊണ്ട് പറഞ്ഞു, ഇനി ഞാൻ നിങ്ങളോട് പറയാൻ ആഗ്രഹിക്കുന്നത് ശിയാക്കൾ ചില സമയത്ത് നിങ്ങളുടെ ജനാസ നമസ്കരിക്കാറുണ്ട് എന്നത് വാസ്തവമാണ്. എന്നാൽ സുന്നികളുടെ ജനാസ നമസ്കരിക്കുമ്പോൾ അവർ ചൊല്ലുന്ന മഗ്ഫിറത്തിന്റെ ദുആ എന്താണെന്നുള്ളത് ശിയാക്കളുടെ സിക്കയെ ഇസ്‌ലാം മുഹമ്മദ് ബിൻ യാഖൂബ് കലീനിയുടെ വാക്കുകളിൽ തന്നെ ശ്രദ്ധിച്ച് കേട്ടുകൊൾക.

**അല്ലാഹുമ്മ അംലഅ ജൗഫിഹി നാറൻ വസല്ലിത്ത് അലയ്ഹിൽ ഹയ്യാത്തി വൽ അഖാരിബ്.** (അൽ ഫുറൂഅ് മിനൽ കാഫി, കിതാബുൽ ജനാഇസ്)അതായത് അല്ലാഹുവേ! അവന്റെ വയറിൽ അഗ്നി നിറയ്ക്കേണമെ. അവനെ പാമ്പുകളും തേളുകളും കീഴ്പെടുത്തേണമെ. മഗ്ഫിറത്തിന്റെ ദുആയുടെ അർഥം കേട്ട ഉടൻ തന്നെ ശിയാക്കൾ ലജ്ജിതരായി മുഖം മറച്ചുകൊണ്ട് പതുക്കെ അവിടെ നിന്ന് മടങ്ങിപ്പോയി. പിറ്റേന്ന് അവിടത്തെ ഇടനാഴികളിൽ എവിടെയെങ്കിലും ശിയാക്കളെ കണ്ടാൽ സുന്നി കുട്ടികൾ ആ വിശേഷ ദുആ ഉച്ചത്തിൽ ഉരുവിടുകയും ഉടൻ തന്നെ അവിടന്ന് ഓടിമറയുന്നതും കാണാമായിരുന്നു.

**(ദിൽചസ്പ് ഇൽമി വാഖിആത്ത് വ മുശാഹിദാത്ത്)**

# അല്ലാഹുവിന്റെ തൃപ്തിയുടെ സ്വർഗം

**ഹദ്റത് ഖലീഫത്തുൽ മസീഹ് സാലിസ് (റഹ്)**

വിശുദ്ധഖുർആനിൽ അല്ലാഹു പറയുന്നു, ഒരു സുദൃഢവും ജീവസ്സുറ്റതുമായ വിശ്വാസത്തിൽ നിലനിൽക്കാത്തിടത്തോളം അല്ലാഹുവിന്റെ തൃപ്തിയുടെ സ്വർഗം നിങ്ങൾക്ക് കരസ്ഥമാകുന്നതല്ല. അല്ലാഹുവിന്റെ അത്ഭുതകരമായ സഹായങ്ങൾ അവന്റെ വിനീത ദാസർ ദർശിക്കുമ്പോഴാണ് അത്തരത്തിലുള്ള വിശ്വാസം ഉടലെടുക്കുന്നത്. തങ്ങളുടെ നാഥനുമായി ഒരു സജീവ ബന്ധം ഉണ്ടാക്കിയെടുക്കുകയും, അവനോടുള്ള സ്നേഹത്തിലും അനുരക്തിയിലും തങ്ങളുടെ ദിനരാത്രങ്ങൾ കഴിച്ചു കൂട്ടുകയും ചെയ്യുന്നവർക്ക് മാത്രമാണ് അല്ലാഹുവിന്റെ അത്ഭുതകരമായ സഹായം ലഭിക്കുന്നത്. പ്രസ്തുത സ്നേഹം ഉണ്ടാക്കിയെടുക്കുന്നതിനായി അല്ലാഹു പറഞ്ഞുതന്നിരിക്കുന്ന മാർഗം വിനീതമായ ദുആകളുടെയും അർഥനകളുടെയും മാർഗമാകുന്നു. ഇത്തരത്തിലുള്ള സ്നേഹഭരിതമായ അർഥനകളാൽ ഒരു ദാസൻ തന്റെ സ്നേഹപ്രകടനം നടത്തുകയും തന്റെ നാഥന്റെ സ്നേഹത്തെ സ്വാംശീകരിക്കുകയും ചെയ്യുന്നു. ആ ദുആയുടെ അവസ്ഥ കാണുമ്പോൾ അവനിൽ ഒരു മരണം സംഭവിക്കുന്നതായി മനുഷ്യന് തോന്നുന്നു. ആ ഒരു മരണത്തെ പോലെയുള്ള അവസ്ഥ സംജാതമാക്കുന്നതിന് വേണ്ടിയാണ് തന്റെ നാഥന്റെ സവിധത്തിൽ കുനിയുന്നത്. തന്റേതായതെല്ലാം വിസ്മരിച്ച് പോകുന്നു. അവന്റെ സ്മരണ മാത്രം അവരുടെ ഹൃദയത്തെയും മസ്തിഷ്കത്തെയും സുഗന്ധപൂരിതമാക്കിക്കൊണ്ടിരിക്കും. **(ഖുത്വുബ ജുമുഅ: 15.12.1967)**






# അൽ മുസ്‌ലിമു മൻ സലിമൽ മുസ്‌ലിമൂന മിൻ ലിസാനിഹി വ യദിഹി

**ഹ: സൈനുൽ ആബിദീൻ വലിയുല്ലാഹ് സാഹിബ് (റ)**

അൽ മുസ്‌ലിമു എന്നതിലെ അലിഫ് ലാം കുറിക്കുന്നത് പൂർണ്ണതയെ പ്രകടിപ്പിക്കുന്ന ബാഹ്യമായ കാര്യത്തെയാണ്. തന്റെ നാവിൽ നിന്നും കൈയിൽ നിന്നും മറ്റു മുസലിംകൾ സമാധാനത്തിലാകുമ്പോഴാണ് ഒരുവൻ പരിപൂർണ്ണ മുസ്‌ലിമാകുന്നത്. അതായത്, വാക്കു കൊണ്ടോ പ്രവൃത്തികൊണ്ടോ മറ്റുള്ളവരെ ബുദ്ധിമുട്ടിപ്പിക്കാതിരിക്കുക. മനുഷ്യൻ നാവു കൊണ്ട് നല്ലതും ചീത്തതുമായ കാര്യങ്ങൾ പ്രദർശിപ്പിക്കുന്നതുകൊണ്ടും തന്റെ കൈകൾ കൊണ്ടു പലകാര്യങ്ങളും ബാഹ്യമായിത്തന്നെ ചെയ്യുന്നത് കൊണ്ടും ഇവിടെ മനുഷ്യന്റെ വാക്കും പ്രവൃത്തിയുമാണ് ഉദ്ദേശിച്ചിരിക്കുന്നത്. അതായത്, പരിഹാസം കൊണ്ടോ അസഭ്യം കൊണ്ടോ ചീത്ത വിളികൊണ്ടോ പരദൂഷണം കൊണ്ടോ മറ്റുള്ളവരുടെ മനസ്സ് വേദനിപ്പിക്കരുത്. കൈകൊണ്ട് ആരെയും ഉപദ്രവിക്കുകയുമരുത്. ഉദാ: മർദ്ദിക്കുക,കൊല്ലുക,കൊള്ളയടിക്കുക. ചുരുക്കത്തിൽ, എല്ലാവിധത്തിലുമുള്ള കൈകടത്തലുകളും നിഷിദ്ധമാണ്.

(ഫത്ഹുൽബാരി വാള്യം.1)

എന്നാൽ ഇവിടെ അലിഫ് ലാം വന്നിരിക്കുന്നത് പൂർണ്ണതയെ പ്രകടിപ്പിക്കാനല്ല. മറിച്ച്, അവനെ പ്രകീർത്തനം ചെയ്യാനാണ്. എന്തെന്നാൽ, ഇസ്‌ലാംമത സിദ്ധാന്തമനുസരിച്ച് പീഡനങ്ങളെ തടയുക എന്നത് പൂർണ്ണതയല്ല. അതൊരാരംഭ ഘട്ടം മാത്രമാണ്. മുസ്‌ലിമിന്റെ പരിപൂർണ്ണത കുടികൊള്ളുന്നത് ബലാ മൻ അസ്‌ലമ വജ്ഹു ലില്ലാഹി വഹുവ മുഹ്സിനുൻ എന്നതിലാണ്. അതായത്, തന്റെ സ്വന്തം ഇഷ്ടത്തിനനുസരിച്ചല്ല,അല്ലഹുവിന്റെ തൃപ്തിയിൽ അവനു വേണ്ടി തിന്നുകയും കുടിക്കുകയും ജീവിക്കുകയും മരിക്കുകയും ചെയ്യുക.അവന്റെ തൃപ്തിക്കു വേണ്ടി ത്യാഗങ്ങളനുഷ്ഠിക്കുക.

അടുത്ത ഹദീസിൽ ഇമാം ബുഖാരി (റഹ്) ഇതിന്റെ യഥാർഥ ഉദ്ദേശ്യം വ്യക്തമാക്കിയിരിക്കുകയാണ്. ജനങ്ങൾ നബിതിരുമേനി(സ)യോട് ചോദിച്ചു: ഇസ്‌ലാമിലെ ഏറ്റവും നല്ല കർമ്മം ഏതാണ്? ആ കർമ്മങ്ങളേതാണെന്ന് പറയുന്നതിനു പകരം തിരുമേനി അരുളിയത് ഇപ്രകാരമാണ്: ഏതൊരു മുസ്‌ലിമിന്റെ നാവിൽ നിന്നും കൈയിൽ നിന്നും മറ്റു മുസ്‌ലിംകൾ സമാധാനത്തിലാണോ അവനാണ് പരിപൂർണ്ണ മുസ്‌ലിം. അതായത്, അത്തരം വ്യക്തിയുടെ ഓരോ കർമ്മവും നല്ലതായിരിക്കും. അവന്റെ വിശ്വാസവും നല്ലതായിരിക്കും. അവന്റെ നമസ്കാരവും നല്ലതായിരിക്കും. അവന്റെ നോമ്പും സകാത്തും നല്ലതായിരിക്കും. ഇതില്ലാതെ അവന്റെ ഒരു കർമ്മവും നന്നാകില്ല. അതായത്, യഥാർഥ മുസ്‌ലിം ആയിത്തീരാനുള്ള ഒന്നാമത്തെ നിബന്ധന ജനങ്ങൾ അവന്റെ ശർറിൽ നിന്ന് സുരക്ഷിതരായിരിക്കുക എന്നതാണ്. ഇസ്‌ലാംമത സിദ്ധാന്തമനുസരിച്ച് കുഴപ്പങ്ങൾ ഇല്ലാതാക്കുകയാണ് ആത്മീയ പുരോഗതിയിലേക്കുള്ള ഒന്നാമത്തെ ചുവട്. ഒരിക്കൽ അതിന്റെ പടവുകളിലേക്ക് കയറിയാൽ പിന്നെ അവനിൽ നിന്നുണ്ടാകുന്ന കർമ്മങ്ങളൊക്കെയും നല്ലതായിരിക്കും.

(തഫ്സീർ ബുഖാരി വാള്യം 1)

*സമ്പാ: ആരിഫ് മുഹമ്മദ്*

## ത്യാഗസമർപ്പണത്തിനുള്ള 30 വർഷങ്ങൾ

**ഹദ്റത് ഖലീഫത്തുൽ മസീഹ് സാലിസ് (റഹ്)**

ഇന്ന് ഞാൻ നിങ്ങളോട് ഒരു കാര്യം പറയുകയാണ്. ഹദ്റത് മസീഹ് മൗഊദ് (അ) മുഖേന ഇസ്‌ലാമിനെ മുഴുലോകത്തും വിജയിപ്പിക്കുന്നതിനായി ആരംഭിച്ചിട്ടുള്ള ആകാശീയ ദൗത്യം ഇന്ന് വളരെ സവിശേഷവും സങ്കീർണവുമായ അവസ്ഥയിലേക്ക് പ്രവേശിച്ചിരിക്കുയാണ്. അഹ്മദിയ്യ ജമാഅത്ത് കുറഞ്ഞ പക്ഷം അടുത്ത 30 വർഷത്തോളം തങ്ങളുടെ ത്യാഗങ്ങളെ അവയുടെ പാരമ്യതയിലേക്ക് എത്തിക്കേണ്ടത് അനിവാര്യമാകുന്നു. തങ്ങളുടെ ദുആകളെയും പാരമ്യതയിലേക്ക് എത്തിക്കുക; ആ ത്യാഗങ്ങളെയും ദുആകളെയും സ്വീകരിച്ചുകൊണ്ട് അല്ലാഹു ഈ ജമാഅത്തിനെ സ്ഥാപിച്ച ഉദ്ദേശ്യം കരസ്ഥമാകുന്നതിനായി. അതിനാൽ കുറഞ്ഞത് 30 വർഷകാലയളവ് വളരെ പ്രാധാന്യമർഹിക്കുന്നതാണ്. അത് നമ്മിൽ നിന്നും വളരെയധികം ത്യാഗങ്ങൾ ആവശ്യപ്പെടുന്നു. അഥവാ നിങ്ങൾ എന്റെ മാർഗത്തിൽ അങ്ങേയറ്റം ത്യാഗങ്ങൾ സമർപ്പിച്ചാൽ, ഇസ്‌ലാമിന്റെ ഓരോ കല്പനയുടെയും മുന്നിൽ സ്വന്തം തല കുനിക്കുകയും ചെയ്താൽ, ആത്മാർഥ മുസ്‌ലിംകൾ ആയിത്തീർന്നാൽ, സ്വയം ഒരു മരണം വരിക്കുകയാണെങ്കിൽ അതിന് പകരമായി ഞാൻ നിങ്ങൾക്ക് മഹത്തായ ഉത്തമമായ പ്രതിഫലം നൽകുന്നതാണെന്ന് അല്ലാഹുവിന്റെ വാഗ്ദാനവും ഉണ്ട്.

(ഖുത്വുബ ജുമുആ: 29.12.1967)

അൽഹഖ്
വാർത്താപത്രിക
2014 ആഗസ്റ്റ്
പുസ്തകം 22 ലക്കം 8

യുഗനാദം

ഹദ്റത് അഹ്മദ്(അ)



# ശത്രുക്കളുടെ വ്യാമോഹം

ഒരു ദൈവികജമാഅത്ത് ലോകത്ത് ഉദയം കൊണ്ടപ്പോ ഴൊക്കെ എതിർപ്പിന്റെയും വിദ്വേഷത്തിന്റെയും കൊടുങ്കാറ്റിനെ അതിന് തരണം ചെയ്യേണ്ടി വന്നിട്ടുണ്ട് എന്നുള്ളത് ഒരു ചരിത്രസത്യമാണ്. എന്നിരുന്നാലും ആ എതിർപ്പിനോ ശത്രുതയ്ക്കോ ആ സത്യപ്രസ്ഥാനത്തിന്റെ വളർച്ചയ്ക്കും പുരോഗതിക്കും തടയിടാൻ സാധിച്ചിട്ടില്ല. സാധിക്കുകയുമില്ല.

ലോകത്ത് 204 രാഷ്ട്രങ്ങളിലായി വ്യാപിച്ച് കിടക്കുന്ന ഒരു സുസ്ഥാപിത ഇസ്‌ലാമികപ്രസ്ഥാനമാണ് അഹ്മദിയ്യാ പ്രസ്ഥാനം. അതിന്റെ വളർച്ചയിൽ അസൂയ പൂണ്ട് ശത്രുക്കൾ തുടക്കം മുതൽ അതിനെ ഭൂമുഖത്ത് നിന്നും തുടച്ചുനീക്കാൻ ശ്രമിച്ചു വരികയാണ്. ഈ ശ്രമത്തിന്റെ ഭാഗമായാണ് കഴിഞ്ഞ മാസം ഗുജ്റൻവാലയിൽ നടന്നത്. അഹ്മദീഭവനങ്ങൾക്ക് തീ വെച്ച് കൊണ്ട് ഒരു സ്ത്രീയെയും രണ്ട് പിഞ്ചുകുഞ്ഞുങ്ങളേയും കൊന്നൊടുക്കി. ഒരു ജീവിക്കും തീ കൊണ്ടുള്ള ശിക്ഷ നൽകരുത് എന്ന് പഠിപ്പിച്ച പ്രവാചകൻ(സ) ന്റെ അനുയായികളാണ് നിരപരാധികളായ അഹ്മദികളുടെ ഭവനങ്ങൾ ചുട്ടുകളഞ്ഞത് എന്നതാണ് ഏറെ വ്യസനകരം. പ്രവാചകന്റെ അധ്യാപനങ്ങളിൽ നിന്നും ഇക്കൂട്ടർ എത്രമാത്രം ദൂരെ പോയിരിക്കുന്നു.

പീഡനങ്ങളും അക്രമങ്ങളും കൊണ്ട് അഹ്മദികളെ അവരുടെ വിശ്വാസത്തിൽ നിന്നും പിന്തിരിപ്പിക്കാം എന്നാണ് ഇവർ വ്യാമോഹിക്കുന്നത്. ഹ.ഉമ്മെ അമ്മാറിന്റെയും ഹ.ബിലാലിന്റെയും സംഭവം ഇവർ മറന്നുപോയോ? തന്റെ കൺമുമ്പിൽ സ്വന്തം മാതാവിനെ ഗുഹ്യഭാഗത്ത് കുത്തിക്കൊലപ്പെടുത്തുമ്പോഴും അമ്മാറിന്റെ വിശ്വാസത്തെ തടയിടാൻ അബൂജഹലിന് സാധിച്ചുവോ?

ഇസ്‌ലാമിന്റെ ആദ്യകാലങ്ങളിൽ സഹാബാക്കൾ അനുഭവിച്ച പീഡനങ്ങളും ക്ലേശങ്ങളും ഇക്കൂട്ടരെ സംബന്ധിച്ചിടത്തോളം വഅളുകളിലെയും സ്റ്റഡിക്ലാസുകളിലെയും വെറും നേരമ്പോക്ക് മാത്രമാണ്. വിശ്വാസത്തിന്റെ പേരിൽ അക്രമങ്ങളും ക്രൂരതകളും ഏറ്റു വാങ്ങിയ തിരുമേനിയും സഹാബാക്കളും പ്രതികരിച്ചത് എല്ലാ മതങ്ങൾക്കും സ്വാതന്ത്ര്യം നൽകിയാണ് എന്ന് ഇവർ മറന്നിരിക്കുന്നു. പള്ളിയെ പോലെത്തന്നെ അമ്പലങ്ങളെയും ദേവാലയങ്ങളെയും സംരക്ഷിക്കാൻ ബാധ്യതപ്പെട്ടവരാണ് മുസ്‌ലിംകൾ. പക്ഷെ എന്തു ചെയ്യാം ഇന്ന് പള്ളികളും അമ്പലങ്ങളും തകർക്കുന്നവരായിരിക്കുന്നു മുസ്‌ലിംകൾ.

അല്ലാഹു മുസ്‌ലിംകൾക്ക് സൽബുദ്ധി പ്രദാനം ചെയ്യുമാറാകട്ടെ. ആമീൻ

- ആരിഫ് മുഹമ്മദ്

# സഹനം കൈകൊള്ളുക

ദൈവഹിതം അനുസരിച്ചാണ് എല്ലാം സംഭവിക്കുന്നത്. മഹ്ദിയുടെ കാലത്ത് വലിയ കോലാഹലങ്ങൾ ഉണ്ടാവുകയും പൂർവ്വികരുടെ വിശ്വാസങ്ങൾക്കെതിരിൽ പലതും പടച്ചുണ്ടാക്കുന്നവനാണെന്ന് പറഞ്ഞ് അദ്ദേഹത്തെ കാഫിറാക്കുകയും ചെയ്യുമെന്ന് എഴുതപ്പെട്ടിരിക്കുന്നതിനെ ഇക്കൂട്ടർ തങ്ങളുടെ ചെയ്തികളിലൂടെ സാക്ഷ്യപ്പെടുത്തുകയാണ്. ഇപ്പോൾ നമ്മുടെ സഹോദരങ്ങൾ സഹനം കൈകൊള്ളേണ്ടതാണ്; നബി(സ) തിരുമേനിയും അങ്ങയുടെ സഹാബാക്കളും മക്കയിൽ സഹിച്ചത് പോലെ. അവർക്കെതിരെ പരാതിയുമായി ആരും ഭരണാധികാരിയെ സമീപിക്കുകയുണ്ടായില്ല. ഇന്ന വ്യക്തി ഞങ്ങളെ സഹായിക്കുമെന്ന് കരുതി ആരിലും വിശ്വാസമർപ്പിക്കാതിരിക്കുക. ഓർക്കുക! ഇപ്പോൾ ദൈവമല്ലാതെ മറ്റൊരു സഹായിയുമില്ല. **(മൽഫൂസാത്ത് വാള്യം.1)**

## ശുഭപര്യവസാനം

അല്ലാഹു പറയുന്നു: " അല്പമൊക്കെ ഭയം,വിശപ്പ്,ധനനഷ്ടം, ജീവനഷ്ടം, ഫലനഷ്ടം എന്നിവയിലൂടെ നിശ്ചയമായും നാം നിങ്ങളെ പരീക്ഷിക്കുന്നതാണ്. " 'ഖനൂഫ്' എന്ന അറബിപദം പ്രയോഗിച്ചതിൽ നിന്ന് മനസ്സിലാകുന്നത് പരിഭ്രമം നിറഞ്ഞ അവസ്ഥയായിരിക്കും അതെന്നാണ്. എന്നാൽ പര്യവസാനം നല്ലതായിരിക്കും. പാപങ്ങൾക്ക് പ്രായശ്ചിത്തമാകുന്നതും ഇവയിലൂടെയാണ്............... **(മൽഫൂസാത്ത് വാള്യം.1)**

## വിജയം സഹനത്തിലൂടെ

നബി(സ) യുടെ പതിനൊന്ന് മക്കൾ മരിച്ചു പോയെന്ന് ഒരു രിവായത്തിൽ വന്നിരിക്കുന്നു. നബിമാർക്കും ദൈവദൂതന്മാർക്കും സ്ഥാനങ്ങൾ ലഭിക്കുന്നത് മൃദുവും എളുപ്പവുമായ നിസ്സാരകാര്യങ്ങൾ മുഖേനയല്ല. മറിച്ച്, കഠിനമായ പരീക്ഷണങ്ങളും ക്ലേശങ്ങളും അവർക്ക് സഹിക്കേണ്ടതായി വന്നപ്പോൾ സഹനത്തിലൂടെയും സ്ഥിരചിത്തതയിലൂടെയാണ് അവർ വിജയം വരിച്ചത്. അല്ലാഹുവിൽ നിന്നും വലിയ വലിയ സ്ഥാനങ്ങൾ അവർക്ക് ലഭിച്ചതും മറ്റൊന്നും കൊണ്ടല്ല. ഹ.ഇബ്രാഹിം(അ) ന് എത്ര വലിയ പരിക്ഷണമായിരുന്നു നേരിടേണ്ടിയിരുന്നത്. കത്തി കൈയ്യിലെടുത്തുകൊണ്ട് അറുക്കാനായി തന്റെ മകന്റെ കഴുത്ത് തന്നിലേക്ക് അടുപ്പിച്ചപ്പോൾ അദ്ദേഹത്തിന്റെ മുന്നിലുണ്ടായിരുന്നത് ആട് ആയിരുന്നു. ഇബ്രാഹിം(അ) പരീക്ഷണത്തിൽ വിജയിച്ചു. അദ്ദേഹത്തിന്റെ മകനും രക്ഷപ്പെടുകയുണ്ടായി. **(മൽഫൂസാത്ത് വാള്യം 5)**

അൻസാർ കോളം

# അൻസാറുല്ലാഹ് ജമാഅത്തിന്റെ തലച്ചോറാകുന്നു

**ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി (റ)**

അൻസാറുല്ലാഹ് ജമാഅത്തിന്റെ തലച്ചോറിനെയാണ് പ്രതിനിധാനം ചെയ്യുന്നത് എന്നതിൽ യാതൊരു സംശയവുമില്ല. ജമാഅത്തിന്റെ ഹൃദയത്തെയും കയ്യിനെയും പ്രതിനിധാനം ചെയ്യുന്നത് ഖുദ്ദാമുൽ അഹ്മദിയ്യായുമാണ്. ഒരു സമുദായത്തിന്റെ തലച്ചോറും ഹൃദയവും കയ്യും ശരിയായിരുന്നാൽ ആ സമുദായം നേർ വഴിയിലാകും. അതിനാൽ ഞാൻ അൻസാറുല്ലായോട് പറയാൻ ആഗ്രഹിക്കുന്നത്........... അവർ ജമാഅത്തിൽ നമസ്കാരത്തെയും ദുആയെയും ദൈവസാമീപ്യത്തെയും വർദ്ധിപ്പിക്കുവാനായി പരിശ്രമിക്കുക. അവർ തഹജ്ജുദിലും ദൈവസ്മരണയിലും പള്ളിയെ ജനവാസമുള്ളതാക്കി തീർക്കുന്നതിലും വളരെയധികം പങ്കു വഹിക്കേണ്ടതാണ്. അത് കാണുമ്പോൾ യുവാക്കൾക്ക് സ്വയം അതിലേക്ക് ആകർഷണമുണ്ടാകണം.

യഥാർഥത്തിൽ യുവത്വത്തിലാണ് തഹജ്ജുദിനും ദുആക്കും ദൈവസ്മരണയ്ക്കുമെല്ലാമുള്ള കഴിവും ശക്തിയുമുണ്ടായിരിക്കുക, ആനന്ദവും ലഭിക്കുക. എന്നാ ൽ യുവത്വത്തിൽ പൊതുവെ മരണത്തെക്കുറിച്ച് ചിന്ത കുറവായിരിക്കും. അക്കാരണത്താൽ യുവാക്കൾ അശ്രദ്ധരായിരിക്കും. എന്നാൽ യുവാവസ്ഥയിൽ തന്നെ ആർക്കെങ്കിലും അതിനുള്ള അവസരം ലഭിക്കുകയാണെങ്കിൽ അവർ വളരെ സൗഭാഗ്യവാന്മാരാണ്.

അതിനാൽ ഓരു ഭാഗത്ത് ഞാൻ അൻസാറുല്ലായോട് പറയാൻ ആഗ്രഹിക്കുന്നത് അവർ തങ്ങളുടെ മാതൃകകളാൽ തങ്ങളുടെ കുട്ടികളെയും, അയൽവാസികളുടെ കുട്ടികളെയും, സുഹൃത്തുകളുടെ കുട്ടികളെയും ജീവസുറ്റവരാക്കി മാറ്റുക. മറുഭാഗത്ത് ഞാൻ ഖുദ്ദാമുൽ അഹ്മദിയ്യായോട് പറയാൻ ആഗ്രഹിക്കുന്നത് അവർ തലമുറ തലമുറകളായി ഇസ്ലാമിന്റെ ആത്മാവ് ജീവിച്ചിരിക്കുന്ന തരത്തിലുള്ള ഉന്നതമായ മാതൃക സ്ഥാപിക്കുക.

ഇസ്ലാം പരിപൂർണ മതമാകുന്നു. എന്നാൽ എത്ര മധുരമേറിയ സർബത്തിനും ഗ്ലാസ് വേണ്ടി വരുന്നതാണ്. അതുപോ ലെ ഇസ്ലാമിന്റെ ആത്മാവിനെ മറ്റുള്ളവരിലേക്ക് എത്തിക്കുന്നതിനായി ഏതെങ്കിലും ഗ്ലാസ് അനിവാര്യമാണ്........

അതിനാൽ ദുആയിൽ മുഴുകുക. തങ്ങളുടെ കടമകളെ ഖിയാമത് നാൾ വരെ ജീവസുറ്റതാക്കി മാറ്റുക...... അവരവരുടെ കടമകളെ പൂർത്തിയാക്കി കൊണ്ട് അവരവരുടെ പ്രദേശങ്ങളിൽ ഉന്നതമായ മാതൃകകൾ സ്ഥാപിക്കുക. അത് കണ്ട്കൊണ്ട് ജനങ്ങൾ അഹ്മദിയ്യത്തിലേക്ക് പ്രവേശിക്കുന്നതാണ്.

(പ്രഭാഷണം: അൻസാറുല്ലാഹ് ഇജ്തിമ, 18.11.1955)

Press Desk
Ahmadiyya Muslim Jamaat International

# ഗുജ്റാൻ വാല സംഭവത്തെ ഹദ്റത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹുല്ലാഹ്) അപലപിച്ചു

പാകിസ്താനിലെ ഗുജ്റാൻ വാലയിലെ കഛി-പമ്പ് പ്രദേശത്ത് വസിക്കുന്ന അഹ്മദിമുസ്ലീംകളെ പ്രാദേശികമതമൗലികവാദികൾ ആക്രമിക്കുകയുണ്ടായി. 27 ജൂലൈ 2014നു നടന്ന അക്രമത്തിൽ ഏഴുവയസ്സും എട്ടു മാസവും പ്രായമായ രണ്ടു പിഞ്ചുകുഞ്ഞുങ്ങളുൾപ്പെടെ മൂന്ന് അഹ്മദി മുസ്ലിംകൾ രക്തസാക്ഷിത്വം വരിക്കുകയുണ്ടായി. ഈ ദാരുണ സംഭവത്തിൽ  അതിയായ ദു:ഖം പങ്കുവെച്ചുകൊണ്ട് ഖലീഫത്തുൽ മസീഹ് ഹദ്റത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹുല്ലാഹ്) ഈ സംഭവവുമായി ബന്ധപ്പെട്ടു നൽകിയ പ്രസ്താവനയുടെ പ്രസക്ത ഭാഗം ചുവടെ ചേർക്കുന്നു.

*‘‘സ്വന്തം ഗൃഹങ്ങളിൽ സമാധാനപൂർവ്വമിരിക്കുകയായിരുന്ന നിഷ്കളങ്കരായ ആളുകളെ ആക്രമിച്ച് കൊലപ്പെടുത്തിയത് മൃഗീയവും നിഷ്ഠൂരവുമായ പ്രവൃത്തിയാകുന്നു. അഹ്മദിയ്യ മുസ്ലിം സമൂഹത്തിലെ ഒരംഗത്തിന്റെ പ്രകോപനമാണു ആക്രമണത്തിനു കാരണമെന്നവർ തെറ്റായി വാദിക്കുന്നു. ഈ ആരോപണം പൂർണ്ണമായും അസത്യവും യാതൊരു അടിസ്ഥാനവുമില്ലാത്തതുമാകുന്നു. ഒരാൾ തങ്ങളെ ശരിക്കും പ്രകോപിപ്പിച്ചതാണെന്നു ഈ അതിക്രമം ചെയ്തവർക്ക് ശരിക്കും തോന്നിയിരുന്നുവെങ്കിൽ പ്രായമായ ഒരു സ്ത്രീയെയും അവരുടെ രണ്ടു പേരക്കുട്ടികളെയും ജീവനോടെ കത്തിക്കുന്നതിനു പകരം ആ വ്യക്തിയെ അറസ്റ്റ് ചെയ്യാൻ അവർ ആവശ്യപ്പെട്ടേനെ. സത്യത്തിൽ ഇതു എല്ലാ രൂപത്തിലുമുള്ള മാനുഷികമര്യാദകളുടെ മേൽ യാതൊരു പ്രകോപനങ്ങളുമില്ലാതെ നടത്തിയ കയ്യേറ്റമാണ്. അത് രണ്ടു പിഞ്ചുകുഞ്ഞുങ്ങളുൾപ്പെടെ മൂന്നു പേരുടെ മരണത്തിലേക്കാണ് നയിച്ചത്. സംഭവം നടക്കുമ്പോൾ പ്രാദേശിക പോലീസ് യാതൊരു നടപടികളു മെടുക്കാതെ കാഴ്ചക്കാരായി നിൽക്കുകയായിരുന്നു. പാകിസ്താനിലെ അധികാരിവർഗ്ഗം അഹ്മദിയ്യ പീഡനത്തിനു സഹായിക്കുന്നതെങ്ങനെയെന്നതിനുള്ള ഒരു ഉദാഹരണം കൂടിയാണിത്.*

*ഞങ്ങൾ, അഹ്മദിമുസ്ലിംകൾ ഒരിക്കലും തന്നെ ഭൗതികരീതിയിൽ പ്രതിഷേധിക്കാനോ തെരുവിലിറങ്ങാനോ തുനിയില്ലെന്ന് ഇവിടെ വ്യക്തമാക്കുകയാണ്. ഞങ്ങൾ അഭിമുഖീകരിക്കുന്ന നിരന്തര പീഡനങ്ങളോടുള്ള ഞങ്ങളുടെ പ്രതികരണം സർവ്വശക്തനായ അല്ലാഹുവിന്റെ മുൻപിൽ കുനിഞ്ഞുകൊണ്ട് അവന്റെ സഹായത്തിനും കാരുണ്യത്തിനുമപേക്ഷിക്കുകയെന്നതാണ്. അത് എപ്പോഴും അങ്ങനെത്തന്നെയായിരിക്കുകയും ചെയ്യും.*

*ഈ അപരിഷ്കൃതമായ ആക്രമണം ഇസ്ലാമിന്റെ പേരിലാണ് നടത്തിയിരിക്കുന്നത്. എന്നാൽ ഇത്തരത്തിലുള്ള അതിക്രമങ്ങൾക്ക് ഇസ്ലാമുമായോ അതിന്റെ അധ്യാപനങ്ങളുമായോ യാതൊരു ബന്ധവുമില്ലെന്നതാണു സത്യം. ഇത്തരത്തിലുള്ള ദയാരഹിതമായ ആക്രമണങ്ങളെ അത്യന്തം മനുഷ്യത്വരഹിതമായെ കണക്കാക്കുകയുള്ളു. ഇത്തരത്തിലുള്ള ദുഷ്ടത നിറഞ്ഞ ബലപ്രയോഗങ്ങൾ പരിശുദ്ധവും സമാധാനപൂർണ്ണവുമായ ഇസ്ലാമിന്റെ അധ്യാപനങ്ങളുടെ മേലുള്ള കറയല്ലാതെ മറ്റൊന്നുമല്ല.*

*പ്രാണഹത്യ നടത്തുന്നതോ അക്രമാസക്തമായി പ്രതിഷേധിക്കുന്നതോ ഇസ്ലാമികമല്ല. ദൈവത്തിൽ വിശ്വസിക്കാത്തവരുടെ, ഏറ്റവും കുറഞ്ഞ പക്ഷം അടിസ്ഥാനപരമായിട്ടുള്ള മാനുഷിക മൂല്യങ്ങളോ മര്യാദകളോ ഇല്ലാത്തവരുടെ പ്രവർത്തനങ്ങളാണിവ. അല്ലാഹു മരണദു:ഖം അനുഭവിക്കുന്ന എല്ലാവർക്കും, ലോകത്തിലെ എല്ലാ അഹ്മദികൾക്കും ക്ഷമ പ്രദാനം ചെയ്യട്ടെ, ആമീൻ.’’*

# ഹദ്റത് ഉസാമ ഇബ്നു സൈദ് (റ)

ഹാഫിസ് മുസഫർ അഹ്മദ് സാഹിബ്

## വംശാവലി

നബി(സ) സ്വതന്ത്രനാക്കിയ അടിമയായ സൈദ്(റ) ഇബ്നു ഹാരിസയുടെ മകൻ. മാതാവ് നബി(സ)യുടെ മാതാവായ ആമിനയുടെ സേവകിയും അമ്മെ അയ്മൻ എന്നറിയപ്പെടുന്ന ബർക ആണ്. അവർക്കും കുറച്ചു കാലം നബി(സ)യെ പരിപാലിക്കുന്നതിനുള്ള അവസരം ലഭിച്ചിരുന്നു. യസ്റബിൽ നിന്ന് മടങ്ങും വഴി ഹദ് റത് ആമിന വഫാത്തായപ്പോൾ നബി (സ) യെ അബ്ദുൽ മുത്വലിബിന്റെ പക്കൽ ഏൽ പ്പിച്ചത് ഉമ്മെ അയ്മൻ (റ) ആയിരുന്നു.

## വാത്സല്യനിധി

ഉസാമ (റ) നോട് നബി (സ)യ്ക്ക് അതിരറ്റ സ്നേഹവും വാത്സല്യവും ഉണ്ടായിരുന്നു. ഹദ്റത് ഉസാമ (റ) തന്റെ മോതിരത്തിൽ റസൂലുല്ലായുടെ പ്രിയപ്പെട്ടവൻ എന്ന് എഴുതിച്ചിരുന്നു. ഉസാമ (റ)നെ സംബന്ധിച്ച് നബി (സ) പറഞ്ഞത്, ഉസാമ എനിക്ക് ഫാത്വിമയ്ക്ക് ശേഷം ഏറ്റവും പ്രിയപ്പെട്ടവനാണ് എന്നാണ്. നബി (സ) അദ്ദേഹത്തെയും ഹദ്റത് ഹുസൈൻ(റ)നെയും തന്റെ മടിയിൽ ഇരുത്തി താലോലിക്കുമായിരുന്നു. ഹജ്ജത്തുൽ വിദായുടെ അവസരത്തിൽ അറഫാത്തിൽ നിന്നും മടക്കത്തിൽ ഉസാമ (റ) കാത്തു നിന്നതിനാൽ നേരം വൈകുകയും ചെയ്തിരുന്നു. ഹദ്റത് അബൂബക്കർ (റ) ഉം ഹദ്റത് ഉമർ (റ) ഉം അദ്ദേഹത്തോട് സ്നേഹാദരങ്ങളോടെയാണ് പെരുമാറിയിരുന്നത്.

## നബി (സ) ദേഷ്യപ്പെടുന്നു

എന്നാൽ ഈ സ്നേഹം തികച്ചും അല്ലാഹുവിന് വേണ്ടി മാത്രമായിരുന്നു. ദൈവീക കല്പന പ്രാവർത്തികമാക്കുന്നതിൽ അത് തടസ്സമായിരുന്നില്ല. ഒരിക്കൽ മഖ്സൂം ഗോത്രത്തിലെ ഒരു ഉന്നത സ്ത്രീ മോഷണം നടത്തുകയും ശരീഅത്ത് നിയമമനുസരിച്ച് കൈ വെട്ടേണ്ട അവസരം വന്നപ്പോൾ അവർക്ക് ശിക്ഷ ഇളവ് ചെയ്തു കൊടുക്കാനായി നബി (സ)യുടെ അടുക്കൽ ശുപാർശയുമായി പോയത് ഉസാമ(റ) ആയിരുന്നു. അതിൽ നബി(സ) അദ്ദേഹത്തോട് ദേഷ്യപ്പെടുകയും ചെയ്തിരുന്നു.

## ദീനീ സേവനങ്ങൾ

ഹദ്റത് സൈദ് (റ) ഹിജ്രി 9 -ാം വർഷം മുഅ്ത യുദ്ധത്തിൽ ശഹീദായി. നബി (സ) തന്റെ വഫാത്തിന് മുമ്പ് റോമികളെ നേരിടുന്നതിനായി ഒരു സൈന്യത്തെ തയ്യാറാക്കുകയുണ്ടായിരുന്നു. അതിന്റെ സൈന്യാധിപനായി നിയമിച്ചത് ഹദ്റത് ഉസാമ(റ) നെയായിരുന്നു. പ്രസ്തുത സൈന്യത്തിൽ ഹദ്റത് അബൂബക്കർ, ഹദ്റത് ഉമർ (റ) പോലു ള്ള സഹാബികളും ഉണ്ടായിരുന്നു. അന്നേരം ഉസാമ (റ) ന്റെ പ്രായം 18 വയസായിരുന്നു. നബി(സ) രോഗിയായ കാരണത്താൽ ഈ സൈന്യത്തെ തടഞ്ഞുവെച്ചിരിക്കുകയായിരുന്നു. വഫാത്തിന് ശേഷം മറ്റ് സഹാബികളുടെ എതിർപ്പുണ്ടായിട്ടും ഹദ്റത് അബൂബക്കർ(റ) പ്രസ്തുത സൈന്യത്തെ ഉസാമ (റ) ന്റെ നേതൃത്വത്തിൽ തന്നെ അയക്കുകയുണ്ടായി. മരണാസന്നനായി കിടന്നിരുന്ന നബി(സ)യുടെ അടുക്കൽ അദ്ദേഹം എത്തിയപ്പോൾ നബി (സ) തന്റെ രണ്ട് കയ്യും ഉയർത്തി അദ്ദേഹത്തിനായി ദുആ ചെയ്യുകയുണ്ടായി.

## യുദ്ധത്തിൽ പങ്കാളിത്തം

നബി(സ)യുടെ കാലഘട്ടത്തിൽ അദ്ദേഹത്തിന്റെ പ്രായം വളരെ കുറവായിരുന്നു. എങ്കിലും ചില യുദ്ധങ്ങളിൽ അദ്ദേഹം പങ്കാളിയായിട്ടുണ്ട്. അദ്ദേഹത്തിന്റെ പ്രസിദ്ധമായ ഒരു സംഭവമുണ്ട്. ഒരു യുദ്ധത്തിൽ അദ്ദേഹം ശത്രുവിനെ കീഴ്പ്പെടുത്തി കൊല്ലുവാനായി തുനിഞ്ഞപ്പോൾ അയാൾ ഉടൻ തന്നെ കലിമ ചൊല്ലുകയുണ്ടായി. എന്നാൽ മരണഭയത്താലാണ് കലിമ ചൊല്ലിയത് എന്ന് ധരിച്ചുകൊണ്ട് അയാളെ വധിച്ചു. പിന്നീട് ഈ സംഭവം നബി (സ)യുടെ അടുക്കൽ എത്തിയപ്പോൾ നബി(സ) അദ്ദേഹത്തോട് വളരെ കോപിക്കുകയുണ്ടായി. തത്ഫലമായി താൻ നേരത്തെ മുസ്‌ലിമായിരുന്നില്ലെങ്കിൽ എത്ര നന്നായേനെ എന്ന് അദ്ദേഹത്തിന് തോന്നിപ്പോയിരുന്നു. അതിന് ശേഷം കലിമ ചൊല്ലുന്ന ഒരാളെയും താൻ വധിക്കുന്നതല്ല എന്ന ദൃഢപ്രതിജ്ഞ അദ്ദേഹം എടുത്തു. അക്കാരണം കൊണ്ടു തന്നെയാണ് ഹദ്റത് അലി(റ) ന്റെ കാലഘട്ടത്തിൽ അദ്ദേഹത്തോടൊപ്പം ഉസാമ(റ) യുദ്ധത്തിൽ പങ്കുചേരാതിരുന്നത്.

## കലാപത്തിൽ നിന്ന് സുരക്ഷിതൻ

ഹദ്റത് ഉസ്മാൻ(റ) ശഹാദത്തിന് ശേഷമുള്ള കലാപകാലഘട്ടവും അദ്ദേഹം കണ്ടു. എന്നാൽ അദ്ദേഹം അതിൽ നിന്നെല്ലാം അകന്ന് നിന്നിരുന്നു. അക്കാലഘട്ടത്തിലെ കലാപങ്ങളിൽ നിന്ന് സുരക്ഷിതരായിരുന്ന നാല് സഹാബാക്കളിൽ ഒന്ന് ഹദ്റത് ഉസാമ (റ) ആകുന്നു.

## നേതൃത്വത്തിൽ ആക്ഷേപം

18 വയസ് പ്രായമുള്ളപ്പോഴാണ് നബി (സ) അദ്ദേഹത്തെ സൈന്യാധിപനായി നിയോഗിച്ചത്. പിന്നീട് അബൂബക്കർ (റ) ആ സൈന്യത്തെ അയക്കാൻ തീരുമാനിച്ചപ്പോൾ ചിലർ ആക്ഷേപം ഉന്നയിച്ചു. എന്നാൽ അബൂബക്കർ (റ) അത്

☛

നുറുങ്ങുകൾ
ടി.എം

# ലജ്ജിതരുടെ പദവി

**ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി (റ)**



ഇഞ്ചീലിൽ ഹദ്റത് മസീഹ് (അ)ഒരു സംഭവം ഉദാഹരണമായി പരാമർശിക്കുന്നുണ്ട്. പറയുന്നു, ഒരു വ്യക്തിക്ക് ധാരാളം മക്കളുണ്ടായിരുന്നു. അദ്ദേഹം ധാരാളം വസ്തുക്കൾ അവരിൽ പങ്കുവെച്ചു. തന്റെ മരണ ശേഷം അവരിൽ കലഹം ഉണ്ടാകാതിരിക്കാൻ അവരോരോരുത്തർക്കും തന്റെ ജീവിതകാലത്തു തന്നെ ജീവിക്കാനാവശ്യമായ ഒരു നിശ്ചിത സംഖ്യ നൽകി. അയാളുടെ മക്കൾ പണം സ്വീകരിച്ചു കൊണ്ട് വിവിധ സ്ഥലങ്ങളിലേക്ക് പോയി. വിവിധ മാർഗങ്ങളിലൂടെ അവർ ആ പണത്തെ അധികരിപ്പിക്കാൻ തുടങ്ങുകയും അതിനെ ഉപയോഗപ്പെടുത്തുകയും ചെയ്തു.

എന്നാൽ ഒരു മകൻ തന്റെ അശ്രദ്ധയും അലസതയും ദുർവ്യവും സുഖലോലുപതയും കാരണം മുഴുവൻ പണവും പാഴാക്കിക്കളഞ്ഞു. അല്പം പോലും ശേഷിച്ചില്ല. അവസാനം തിന്നാനും ഉടുക്കാനും ഒന്നും ഇല്ലാത്ത അവസ്ഥയിലെത്തി. ഒരു പന്നി വളർത്തുകാരന്റെ വീട്ടിൽ ജോലി ചെയ്യാൻ നിർബന്ധിതനായി. അവസാനം ഒരു ദിവസം അവന്റെ മനസ്സിൽ തോന്നി, തന്റെ പിതാവിന് ധാരാളം വേലക്കാരുണ്ട്. അവർക്ക് അദ്ദേഹം ഭക്ഷണവും നൽകാറുണ്ട് വസ്ത്രവും നൽകാറുണ്ട്. അഥവാ ഞാൻ മടങ്ങിച്ചെന്നാൽ എനിക്കും തിന്നാനും ഉടുക്കാനും എന്ത് കൊണ്ട് കിട്ടില്ല? അങ്ങനെ ചിന്തിച്ചു കൊണ്ട് അവൻ മടങ്ങി വരികയും ലജ്ജിതനായിക്കൊണ്ട് പിതാവിന്റെ മുന്നിൽ വരാതെ വേലക്കാരുടെ കൂട്ടത്തിൽ പോയിരുന്നു. ആരോ അവന്റെ പിതാവിന് വിവരം നൽകി. ഹദ്റത് മസീഹ് പറയുന്നു, പറയുക, ആ പിതാവ് ഈ വാർത്ത കേട്ടപ്പോൾ എന്തായിരിക്കും ചെയ്തത്? പറയുന്നു, അയാൾ വേഗം ഒരു തടിച്ചുകൊഴുത്ത ആടിനെ വാങ്ങി അറുത്തുകൊണ്ട് അവന്റെ വരവിൽ വളരെ സന്തോഷം പ്രകടിപ്പിച്ചു. വേലക്കാരിൽ നിന്നും മാറ്റികൊണ്ട് അന്തസായ ഇടം നൽകി.

അപ്പോൾ അയാളുടെ മറ്റ് മക്കൾ അയാളോട് ചോദിച്ചു, ഞങ്ങളും താങ്കളുടെ മക്കൾ തന്നെയല്ലേ? ഞങ്ങൾ താങ്കളുടെ ധനത്തെ സംരക്ഷിച്ചു. അതിനെ നന്നായി വർദ്ധിപ്പിച്ചു. എന്നാൽ ഞങ്ങൾ വന്നപ്പോൾ ഇവന്റെ മടക്കത്തിൽ പ്രകടിപ്പിച്ചത്ര സന്തോഷം താങ്കൾ പ്രകടിപ്പിച്ചില്ല. അവനുവേണ്ടി തടിച്ച ആടിനെ ബലി നൽകി. എന്നാൽ ഞങ്ങൾക്കായി മെലിഞ്ഞ ആടിനെ പോലും ബലിയർപ്പിച്ചില്ല. അപ്പോൾ ആ പിതാവ് പറഞ്ഞു, നിങ്ങൾ വഴിതെറ്റിപ്പോയില്ലല്ലോ. അങ്ങനെയെങ്കിൽ മാത്രമെ എനിക്ക് നിങ്ങളെ കണ്ടെത്താൻ സാധിക്കുമായിരുന്നുള്ളു. എന്നാൽ എന്റെ ഈ മകൻ വഴിതെറ്റിപോയി. ഇപ്പോൾ ഞാനവനെ കണ്ടെത്തിയിരിക്കുന്നു. അതിനാലാണ് അവന്റെ വരവിൽ ഞാൻ ഇത്രയധികം സന്തോഷിക്കുന്നത്. (പ്രഭാഷണം: 11.07.1918, ഡൽഹൗസി)

---

വകവെക്കാതെ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ തന്നെ സൈന്യത്തെ അയക്കുകയാണ് ചെയ്തത്. മാത്രമല്ല, പട്ടണത്തിന്റെ അതിർത്തി വരെ അബൂബക്കർ(റ) അവരെ യാത്ര അയക്കുന്നതിനായി വരികയും ചെയ്തു. സങ്കീർണ്ണമായ അവസ്ഥയെ മുന്നിൽ കണ്ടുകൊണ്ട് ഹദ്റത് ഉമർ(റ) നെ സൈന്യത്തിൽ നിന്ന് ഒഴിവാക്കി തരണമെന്ന അബൂബക്കർ(റ) ന്റെ ആവശ്യത്തെ ഉസാമ(റ) അംഗീകരിക്കുകയും ചെയ്തു.

### എന്നെന്നും അമീർ

ഹദ്റത് ഉമർ(റ) ഖലീഫയായതിനു ശേഷവും ഉസാമ(റ) നെ അമീർ എന്നു തന്നെയായിരുന്നു അഭിസംബോധന ചെയ്തിരുന്നത്. ഒരടിമയായ തന്നെ അങ്ങനെ അഭിസംബോധന ചെയ്യരുതെന്ന് അദ്ദേഹം ആവശ്യപ്പെട്ടപ്പോൾ ഹദ്റത് ഉമർ(റ) പറഞ്ഞത്, ഞാൻ താങ്കളെ ജീവിതകാലം മുഴുവനും അമീർ എന്നേ വിളിക്കൂ. കാരണം നബി(സ) വഫാത്തായപ്പോൾ താങ്കളാണ് ഞങ്ങളുടെ അമീറായി നിയമിക്കപ്പെട്ടിരുന്നത്.

### ഹദീസുകളുടെ ഖജനാവ്

അദ്ദേഹം നബി (സ)യിൽ നിന്ന് ധാരാളം ഹദീസുകൾ നിവേദനം ചെയ്യുന്നുണ്ട്. അദ്ദേഹത്തിന്റെ ഹൃദയം നബി(സ)യുടെ വചനങ്ങളുടെ ഖജനാവായിരുന്നു. വലിയ വലിയ സഹാബികൾ പോലും ഏതെങ്കിലും കാര്യത്തിൽ സന്ദേഹത്തിലകപ്പെട്ടാൽ അദ്ദേഹത്തോട് ആരായുമായിരുന്നു.

### വഫാത്ത്

അവസാന കാലഘട്ടത്തിൽ അദ്ദേഹം ദമിശ്കിലുള്ള ഒരു ഗ്രാമമായ മസ്സയിൽ കുറച്ച് കാലം താമസിക്കുകയുണ്ടായി. പിന്നീട് ഖുറാ താഴ്‌വരയിൽ കുറച്ച് കാലം തങ്ങി. അവസാനം മദീനയിൽ തിരിച്ചെത്തി. പിന്നീട് ഹദ്റത് ഉസ്മാൻ (റ) ന്റെ ശഹാദത്തിന് ശേഷം ജൂസഫ് എന്ന സ്ഥലത്ത് വെച്ച് ഹിജ്റി 54-ാം വർഷം 64-ാം വയസിൽ വഫാത്തായി. ചിലരുടെ അഭിപ്രായത്തിൽ അദ്ദേഹത്തിന്റെ വഫാത്ത് ഹിജ്റി 85 -ാം വർഷത്തിലായിരുന്നു. അപ്പോൾ മുആവിയ(റ) ന്റെ ഇമാറത്തായിരുന്നു. ജനാസ മദീനയിലേക്ക് കൊണ്ടുവരികയും അവിടെ മറവടക്കുകയും ചെയ്തു.

\- ഇബ്നു അശ്റഫ്

പുണ്യാത്മാക്കൾ

# ഹദ്റത് ഹാജി ചൗധരി അബ്ദുൽ ഹമീദ് ഖാൻ സാഹിബ് കാദ്ഗഡി (റ)

**ജനനം:** ഏകദേശം 1890 ൽ ഹോശിയാർപൂർ ജില്ലയിലെ കാദ്ഗഡ് എന്ന സ്ഥലത്ത് ജനിച്ചു.
**പിതാവ്:** ചൗധരി ഗുലാം നബിഖാൻ സാഹിബ്.

**കുട്ടിക്കാലം**

അദ്ദേഹം സ്കൂൾ വിദ്യാഭ്യാസം കരസ്ഥമാക്കിയിരുന്നില്ല. എന്നാലും എഴുതാനും വായിക്കാനും അറിഞ്ഞിരുന്നു. അദ്ദേഹം നല്ല കബഡി കളിക്കാരനായിരുന്നു. വിവിധ സ്ഥലങ്ങളിൽ മത്സരങ്ങളിലും പങ്കെടുത്തിട്ടുണ്ട്. വളരെ പരിശ്രമശാലിയും ധീരനുമായിരുന്നു.

**ഖാദിയാനിൽ**

അദ്ദേഹത്തിന്റെ കുടുംബം 1900 ലാണ് ബയ്അത്ത് ചെയ്ത് അഹ്മദിയ്യത്തിൽ പ്രവേശിച്ചത്. ചൗധരി അബ്ദുൽ ഹമീദ് സാഹിബ് 1904 –05 ൽ ഹദ്റത് മസീഹ് മൗഊദ് (അ)നെ സന്ദർശിക്കുന്നതിനായി ഖാദിയാനിൽ വന്നു. അന്നേരം അദ്ദേഹത്തിന് 14, 15 വയസ്സായിരുന്നു പ്രായം. അദ്ദേഹം മസീഹ് മൗഊദ് (അ)നെ ദർശിക്കുകയും ഹസ്തദാനം ചെയ്യുകയും അദ്ദേഹത്തിന്റെ പിന്നിൽ നമസ്കരിക്കുകയും ചെയ്തു. കൂടാതെ അല്പസമയം അദ്ദേഹത്തിന്റെ സഹവാസത്തിൽ കഴിയുകയും ചെയ്തു.

**സ്വയം ദൃഷ്ടാന്തമാകുന്നു**

ചൗധരി അബ്ദുൽ ഹമീദ് സാഹിബിന് പ്ലേഗ് പിടിപെട്ടിരുന്നു. എന്നാൽ അദ്ദേഹം മസീഹ് മൗഊദ്(അ)ന്റെ നിർദേശാനുസരണം പ്ലേഗിന്റെ ചികിൽസ തേടിയില്ല. എന്നാൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അദ്ദേഹം രക്ഷപ്പെടുകയും ദീർഘായുസ്സ് കരസ്ഥമാക്കുകയും ചെയ്തു. ഏതെങ്കലും അനഹ്മദി അദ്ദേഹത്തോട് മസീഹ് മൗഊദ്(അ) ന്റെ ദൃഷ്ടാന്തം ആവശ്യപ്പെട്ടാൽ അടയാളം ഇതാ നിങ്ങളുടെ മുന്നിൽ തന്നെയിരിക്കുന്നു എന്ന് പറയുമായിരുന്നു.

**അസാധാരണ ആരോഗ്യം**

90 വയസു പ്രായമമുള്ള സമയത്തും അദ്ദേഹത്തിന് അസാധാരണമായ ആരോഗ്യം ഉണ്ടായിരുന്നു. അദ്ദേഹം യുവാക്കൾക്ക് കൈകൊടുത്തുകൊണ്ട് തന്റെ കയ്യിനെ അമർത്തുവാൻ പറയുമായിരുന്നു. എന്നാൽ യുവാക്കൾക്ക് പോലും അതിന് കഴിഞ്ഞിരുന്നില്ല. അപ്പോൾ അദ്ദേഹം ചിരിച്ചുകൊണ്ട് ഗാംഭീര്യത്തോടെ പറയും അതിന് കാരണമിതാണ്, ഇത് ഹദ്റത് മസീഹ് മൗഊദ് (അ)ന്റെ കയ്യിൽ വന്ന കൈയാണ്. ഇതെല്ലാം അതിന്റെ അനുഗ്രഹമാണ്.

**വിഭജനത്തിനു ശേഷം**

1947 ലെ വിഭജനാനന്തരം അദ്ദേഹം ജില്ല ഝംഗിൽ കുറച്ച് കാലം താമസിച്ചു. പിന്നീട് 1951ൽ ജില്ലാ ഖുശാബിലേക്ക് മാറിതാമസിച്ചു. അവിടെ അദ്ദേഹത്തിന് ലഭിച്ച കൃഷിയിടത്തെ വളരെ പരിശ്രമത്താൽ ജനവാസമാക്കി.
അവിടെ ജമാഅത്ത് സ്ഥാപിച്ചു. കുറച്ച് കാലം ജമാഅത്ത് സദറായും സേവനമനുഷ്ഠിച്ചു. പിന്നീട് അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾ അധികവും അവിടെ തന്നെയാണ് വാസമുറപ്പിച്ചത്.

**ഹാജിയാകുന്നു**

1969 ൽ അദ്ദേഹത്തിന് പരിശുദ്ധ ഹജ്ജ് കർമം നിർവഹിക്കുന്നതിനുള്ള സൗഭാഗ്യം ലഭിച്ചു. ഓരോ വർഷവും അദ്ദേഹം ഹജ്ജിന് പോകുന്നതിനായി അപേക്ഷ സമർപിക്കുമായിരുന്നു. രണ്ടുമൂന്നു പ്രാവശ്യം ലിസ്റ്റിൽ അദ്ദേഹത്തിന്റെ പേര് പോലും വന്നിരുന്നില്ല. അപ്പോൾ ഒരനഹ്മദി അദ്ദേഹത്തോട് പറഞ്ഞു, ചൗധരി സാഹിബ്, മക്ക താങ്കളെ ഹജ്ജിനായി വിളിക്കാൻ ആഗ്രഹിക്കുന്നില്ല. അപ്പോൾ അദ്ദേഹം വളരെ ദൃഢനിശ്ചയത്താൽ പറഞ്ഞു, ഹജ്ജ് ചെയ്യുന്നതിന് മുമ്പ് ഞാൻ മരിക്കുന്നതല്ല. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അതേ വർഷം തന്നെ അദ്ദേഹ ത്തിന് ഹജ്ജിനുള്ള സൗഭാഗ്യം ലഭിക്കുകയുമുണ്ടായി.

**ഖിലാഫത്തിനോട് അനുസരണം**

അദ്ദേഹം അഹ്മദിയ്യാ ഖലീഫമാരോട് വളരെ അനുസരണം പുലർത്തിയിരുന്നു. ഖലീഫയാകുന്നതിന് മുമ്പ് ഖലീഫത്തുൽ മസീഹ് സാനി (റ)ഉം ഖലീഫത്തുൽ മസീഹ് സാലിസ്(റഹ്)ഉം കാദ്ഗഡ് സന്ദർശിച്ചിട്ടുണ്ട്. അവിടെ തങ്ങുകയും അങ്ങനെ ചൗധരി സാഹിബിന് അവരെ സ്വീകരിക്കുന്നതിനും അവർക്ക് ആതിഥ്യം അരുളുന്നതിനും അവസരം ലഭിച്ചു.

**അഭ്യാസി**

ഒരിക്കൽ ഖുദ്ദാമുൽ അഹ്മദിയ്യായുടെ വടംവലി മൽസരം നടക്കുന്ന സമയത്ത് അദ്ദേഹം അത് കാണുന്നതിനായി വന്നിരുന്നു. അന്നേരം അവിടെ ഖലീഫത്തുൽ മസീഹ് സാനി(റ) ഉം ഉണ്ടായിരുന്നു. ഖലീഫ സാനി(റ) അദ്ദേഹത്തോട് പറഞ്ഞു, ഖാദിമുകൾക്ക് അല്പം പരിശീലനം നൽകിയാലും. അദ്ദേഹം പറഞ്ഞു, ഹുസൂർ എനിക്ക് മൽസരത്തിൽ പങ്കെടുക്കാൻ ആഗ്രഹം തോന്നുന്നു. ഹുസൂർ അദ്ദേഹത്തിന് അനുമതി നൽകുകയും അദ്ദേഹം പങ്കെടുത്ത ടീം വിജയിക്കുകയും ചെയ്തു.

**അതിഥിമര്യാദ**

അതിഥികളെ സേവിക്കുന്നതിൽ അതീവതത്പരനായിരുന്നു അദ്ദേഹം. അദ്ദേഹം പലപ്പോഴും ജമാഅത്തിന്റെ മുറബ്ബിമാരെയും മറ്റ് വ്യക്തികളെയും സൽക്കരിക്കുമായിരുന്നു. തന്റെ സന്താനങ്ങൾക്കും എപ്പോഴും അതിനുള്ള ഉപദേശവും നൽകി കൊണ്ടിരിക്കുമായിരുന്നു. അതിഥികളുടെ വരവ് അല്ലാഹുവിൽ നിന്നുള്ള അനുഗ്രഹമാണെന്ന് എപ്പോഴും പറയുമായിരുന്നു. അധികവും അദ്ദേഹത്തിന് രണ്ട് മൂന്ന് അതിഥികൾ ഉണ്ടാകുമായിരുന്നു. ഏതെങ്കിലും ദിവസം അതിഥികൾ ആരും വന്നില്ലെങ്കിൽ അദ്ദേഹം വീട്ടുകാരോട് ചോദിക്കും, ഇന്ന് നമ്മിൽ നിന്ന് എന്ത് തെറ്റാണ് സംഭവിച്ചത്?

**ഉദാരമതി**

അദ്ദേഹം സാധുക്കളെ എപ്പോഴും സഹായിച്ചിരുന്നു. ആരെയും ഒരിക്കലും വെറും കയ്യോടെ മടക്കില്ലായിരുന്നു. എല്ലാ സാമ്പത്തിക പദ്ധതികളിലും അദ്ദേഹം ഉത്സാഹത്തോടുകൂടി പങ്കാളിയാകുമായിരുന്നു.

**ഉത്തമനായ പിതാവ്**

അദ്ദേഹം തന്റെ സന്താനങ്ങൾക്ക് ഏറ്റവും ഉത്തമമായ നിലയിൽ ശിക്ഷണം നൽകി. അവരുടെ നിസ്സാര കാര്യങ്ങളിൽ പോലും ശ്രദ്ധിച്ചിരുന്നു. തല മറക്കുന്നതിനായി എപ്പോഴും ഉപദേശിക്കുമായിരുന്നു. അവസാനനാളുകളിൽ അദ്ദേഹത്തിന്റെ കാഴ്ചശക്തി നഷ്ടപ്പെടുകയുണ്ടായി. അതിനുശേഷം മക്കൾ അദ്ദേഹത്തിന്റെ അടുത്ത് ചെന്നാൽ അദ്ദേഹം തല തടവി തലപ്പാവുണ്ടോ എന്ന് നോക്കുമായിരുന്നു. ഇല്ലെങ്കിൽ ദേഷ്യപ്പെടുമായിരുന്നു.

**സന്താനങ്ങൾ**


അല്ലാഹു അദ്ദേഹത്തിന് 5 ആൺമക്കളെയും 6 പെൺമക്കളെയും നൽകി അനുഗ്രഹിച്ചിരുന്നു. രണ്ട് ആൺമക്കളും അഞ്ച് പെൺമക്കളും അദ്ദേഹത്തിന്റെ ജീവിതത്തിൽ തന്നെ മരണമടയുകയുണ്ടായി. അദ്ദേഹത്തിന് 35 പേരക്കുട്ടികളുമുണ്ടായിരുന്നു.

**വഫാത്ത്**

1985 ഏപ്രിൽ 18 ന് അദ്ദേഹം ഝംഗ് ജില്ലയിലുള്ള തന്റെ മകന്റെ വസതിയിൽ വെച്ച് നിര്യാതനായി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അദ്ദേഹം മൂസിയായിരുന്നു. ഹദ്റത് മസീഹ് മൗഊദ്(അ) ന്റെ സഹാബിയായ ഹദ്റത് സൂഫി ഗുലാം മുഹമ്മദ് സാഹിബ്(റ) ആയിരുന്നു അദ്ദേഹത്തിന്റെ ജനാസ നമസ്കാരത്തിന് നേതൃത്വം വഹിച്ചത്. ബഹിശ്തി മഖ്ബറ റബ്വയിലെ സഹാബാക്കളുടെ സ്ഥലത്താണ് അദ്ദേഹത്തെ അടക്കം ചെയ്തിട്ടുള്ളത്.

( അവ: അൽഫദ്ൽ റബ്വ,)

*സമ്പാ: ടി.എം.അബ്ദുൽ മുജീബ്, തമ്മനം.*



## വിജ്ഞാനവേദി

**ഹ:ഖലീഫത്തുൽ മസീഹ് റാബിഅ്**

**വാഗ്ദത്തമസീഹ് ആഗതരായെങ്കിൽ എന്തുകൊണ്ടാണ് ബൈത്തുൽ മുഖദ്ദസ് മുസ്‌ലിംകളുടെ നിയന്ത്രണത്തിൽ ലഭിക്കാത്തത്.**

താൽക്കാലികമായി വസ്തുക്കളും സ്ഥലങ്ങളും മറ്റുള്ളവർ കീഴടക്കിയതായി കാണാം. അതുപോലെ താരതമ്യേന സാത്വികരെന്ന് വിളിക്കപ്പെടുന്നവരും അല്ലാത്തവരും തമ്മിൽ അല്പം വ്യത്യാസം നിലനിൽക്കുകയും ചെയ്യുന്നു. ഇവർ രണ്ട് കക്ഷികളും ഒരു പോലെ പെരുമാറുമ്പോൾ ഒരു കക്ഷിയെ തെരഞ്ഞെടുക്കുവാൻ കഴിയില്ല. അല്ലാഹു സർവ്വജ്ഞനും നീതിമാനുമായതിനാൽ വഴിവിട്ട് ഒരു കക്ഷിയെ അവൻ മുന്തിക്കുന്നില്ല. ചിലപ്പോൾ ഒരു തുറന്ന പോർ നടക്കുമ്പോൾ ഏത് കക്ഷി ജയിച്ചാലും അതു മൂലം പ്രത്യേകിച്ച് ഒരു വ്യത്യാസവും സംഭവിക്കുന്നില്ല.

ദുർബലമായ സംഘത്തിന്റെ കൂടെ അല്ലാഹു നിൽക്കണമെങ്കിൽ ആ സംഘം അസാധാരണമായ സൽഗുണങ്ങൾ നിറഞ്ഞവരാകണം. എങ്ങിനെയെന്നാൽ ആ ഗുണങ്ങളെ എല്ലാ തിന്മകളിൽ നിന്നും സംരക്ഷിക്കപ്പെടേണ്ടതുണ്ട്. ഇത്തരം സന്ദർഭങ്ങൾ സവിശേഷമായവയാണ്. ഇതിനാലാണ് അല്ലാഹു പറയുന്നത്

اَنَّ الْاَرْضَ يَرِثُهَا عِبَادِيَ الصّٰلِحُوْنَ (21:106)

ഈ സ്ഥലം (ബൈത്തുൽ മുഖദ്ദസും അതിനോട് ചേർന്ന പ്രദേശങ്ങളും) സാത്വികർ മാത്രമേ അവകാശമായി എടുക്കുകയുള്ളൂ. ഇപ്പോൾ അത് മുസ്‌ലിംകളുടെ കയ്യിൽ അല്ലെങ്കിൽ അത് കൊണ്ട് മനസ്സിലാക്കാവുന്നത് ഇത്രമാത്രമാണ് "അവർ സാത്വികരല്ല" അവർ സാത്വികരായിരുന്നുവെങ്കിൽ അല്ലാഹു ഒരിക്കലും തന്റെ വാഗ്ദാനം മറക്കുമായിരുന്നില്ല. തന്റെ വാക്ക് പാലിക്കാതിരിക്കുകയില്ല.

ഒന്നുകിൽ വി.ഖുർആൻ ശരിയാണ്. അല്ലെങ്കിൽ ഇന്നത്തെ മുസ്‌ലിംകൾ ശരിയിലാണ്. ഇവ രണ്ടും വിപരീത ദിശയിൽ നിൽക്കുന്നു. ഈ സൂക്തം വിശ്വസനീയമാകണമെങ്കിൽ നമുക്ക് സ്വീകരിക്കാവുന്ന അർഥം ഇന്നത്തെ മുസ്‌ലിംകൾ സാത്വികരല്ല എന്നു തന്നെയാണ്. അല്ലാത്തപക്ഷം അല്ലാഹു ഒരിക്കലും തന്റെ വാഗ്ദാനം ലംഘിക്കുകയും മുസ്‌ലിംകളല്ലാത്തവരെ പരിശുദ്ധഭൂമിയിൽ അധിവസിപ്പിക്കുകയും ചെയ്യുമായിരുന്നില്ല.

*സമ്പാ: ഡോ. സി. സലാഹുദ്ദീൻ,കോഴിക്കോട്*

**വാഗ്ദത്ത മസീഹിന്റെ കത്തുകൾ**

സമ്പാ: ഇബ്നു അശ്റഫ്

## വിശ്വാസയോഗ്യമായ കർമങ്ങളുടെ ലക്ഷണം

بسم الله الرحمن الرحيم

نحمده ونصلي علي رسوله الكريم

അഖ്വീം മീർ അബ്ബാസ് അലി ശാഹ് സാഹിബ്
സല്ലമഹുല്ലഹുതആലാ വ നദറല്ലാഹു സിർറ ഹിമായത്തിഹി

السلام علیکم ورحمۃ اللہ وبرکاتہ

താങ്കളുടെ പരിശ്രമത്താൽ ഈ വിനീതന് ധാരാളം സഹായം ലഭ്യമായി. അല്ലാഹു തന്റെ ആത്മാർഥ ദാസരെ ഇക്കാര്യത്തിലേക്ക് വിശ്വാസാവേശം നൽകുന്നു എന്നത് കാരുണ്യവാനായ അല്ലാഹുവിന്റെ അനുഗ്രഹമാകുന്നു. കർമം വിശ്വാസയോഗ്യമാകുന്നത് ശുഭകരവും സത്യസന്ധതയിലും കൂറിലും അധിഷ്ഠിതമായ അതിന്റെ പര്യവസാനത്തിലൂടെയാകുന്നു. കലാപകലുഷിതമായ ഈ കാലഘട്ടത്തിൽ സത്യസന്ധതയെയും കൂറിനെയും അവസാനം വരെ എത്തിക്കുകയും ദുഷ്ടരായ ആളുകളുടെ ദുർബോധനത്തിൽ പ്രഭാവിതരാകാതിരിക്കുകയും ചെയ്യുക എന്നത് അത്യന്തം ദുഷ്കരമാകുന്നു. അതിനാൽ ഇപ്പോൾ മൂന്നോ നാലോ ഉള്ള ഈ വിനീതന്റെ സുഹൃത്തുകൾക്ക് അല്ലാഹു സ്വയം സമാധാനവും സംതൃപ്തിയും നൽകട്ടെ എന്നാണ് കാരുണ്യവാനായ അല്ലാഹുവിനോടുള്ള പ്രാർഥന. കാലഘട്ടം വളരെ കലാപഭരിതമാണ്. ചതിയന്മാരുടെയും വഞ്ചകരുടെയും ആധിക്യം ദുർധാരണകളെയും ദുർഭാവനകളെയും പാരമ്യതയിലേക്കെത്തിച്ചിരിക്കുകയാണ്. ഇത്തരം കാലഘട്ടത്തിൽ സത്യത്തിന്റെ പ്രകാശം ഒരു പുതിയ കാര്യമാകുന്നു. ആരുടെ ഹൃദയത്തെയാണോ കാരുണ്യവാനായ അല്ലാഹു സ്വയം ദൃഢത നൽകുന്നത് അവർക്ക് മാത്രമെ അതിൽ നിലനിൽക്കാൻ സാധിക്കുകയുള്ളു. കാരുണ്യവാനായ അല്ലാഹുവിന്റെ സുവാർത്തകളിൽ മാറ്റം ഉണ്ടാകുന്നതല്ല. ആയതിനാൽ ഈ അന്ധകാരത്തിൽ നിന്നും ധാരാളം പ്രകാശിത ഹൃദയങ്ങളെ സൃഷ്ടിച്ചു കൊണ്ട് അവൻ എല്ലാത്തിനും കഴിവുള്ളവനാണ് എന്ന് തെളിയിക്കുന്നതാണെന്ന് പ്രതീക്ഷിക്കുന്നു. താങ്കളുടെ കത്ത് വായിക്കുന്നതിലൂടെ താങ്കളുടെ സത്യസ്ഥതയെയയും മറ്റും കുറിച്ച് പലതും വെളിപ്പെടുന്നു. കൂടാതെ ഒരിക്കൽ ദർശനം മുഖേനയും കുറച്ച് വെളിപ്പെടുകയുണ്ടായി. ഒരു പക്ഷേ ഏതെങ്കിലും കാലഘട്ടത്തിൽ കാരുണ്യവാനായ അല്ലാഹു ഇതിനേക്കാൾ കൂടുതലായി കാര്യങ്ങൾ വെളിപ്പെടുത്തിയേക്കാം. **വഹുവ അലാ കുല്ലി ശയ്ഇൻ ഖദീറുൻ വ റഹിമഹുല്ലാഹു വ ഇയ്യാകും വഹുവ മൗലാനാ നിഅ്മൽ മൗലാ വ നിഅ്മന്നസ്വീർ.**

വസ്സലാം
അലാ മനിത്തബഇൽ ഹുദാ

വിനീതൻ
ഗുലാം അഹ്മദ് അഫീഅൻഹു

17 ഫെബ്രുവരി 1883,
8 റബീഉസ്സാനി 1300 ഹിജ്രി




സമ്പാ: ടി.അമീറുദ്ദീൻ സാജിദ്, മൂവാറ്റുപുഴ

# നിനക്ക് ദു:ഖത്തിൽ നിന്ന് മോചനം നൽകുന്നതാണ്

മൗലവി റഹീം ബഖ്ശ് സാഹിബ് തൽവണ്ടി എഴുതുന്നു, ഒരിക്കൽ ഞാൻ ഖാദിയാനിൽ ഹദ്റത് മസീഹ് മൗഊദ് (അ)ന്റെ സന്നിധിയിൽ ഹാജരായി. ഹദ്റത് മസീഹ് മൗഊദ് (അ) പറഞ്ഞു, നമുക്ക് നടക്കാൻ പോകാം. അങ്ങനെ അദ്ദേഹത്തോടൊപ്പം വലിയ അങ്ങാടിയിലൂടെ ഇപ്പോൾ ഹൈസ്കൂൾ നിലനിൽക്കുന്ന ഭാഗത്തേക്ക് നടക്കാനിറങ്ങി. നടന്ന് നടന്ന് വീണ്ടും പട്ടണത്തിൽ എത്തിയപ്പോൾ ഹദ്റത് മസീഹ് മൗഊദ് (അ) അരുൾ ചെയ്തു, എനിക്കിപ്പോൾ ഒരു വെളിപാട് ഇറങ്ങിയിരിക്കുന്നു. يُنْجِيكَ مِنَ الْغَمِّ وَكَانَ رَبُّكَ قَدِيرًا

(അതായത്, നിനക്ക് ദു:ഖത്തിൽ നിന്ന് മോചനം നൽകാൻ നിന്റെ നാഥൻ കഴിവുള്ളവനാണ്.) എന്നിട്ട് പറഞ്ഞു, അല്ലാഹുവിന്റെ അനുഗ്രഹത്താൽ എനിക്കിപ്പോൾ ദു:ഖങ്ങളൊന്നുമില്ല. ഒരുപക്ഷെ ഭാവിയിൽ എന്തെങ്കിലും ദു:ഖമുണ്ടാകാം എന്ന അറിയിപ്പായിരിക്കും.

തിരിച്ച് വീട്ടിൽ എത്തിയപ്പോൾ അമൃത്സറിൽ നിന്ന് ഒരു വ്യക്തി, **അലയ്സല്ലാഹു ബികാഫിൻ അബ്ദഹു** എന്ന ഇൽ ഹാം എഴുതാൻ ഏൽപ്പിച്ച മോതിരത്തിന്റെ കല്ല് ഹക്കിം മുഹമ്മദ് ശരീഫ് സാഹിബിന്റെ കയ്യിൽ നിന്നും നഷ്ടപ്പെട്ടു പോയി എന്ന സന്ദേശവുമായി എത്തി. അയാളുടെ കൈവശം ബറാഹീനെ അഹ്മദിയ്യായുടെ ഒരു താളും ഉണ്ടായിരുന്നു. പ്രിന്റിങ്ങ് മോശമായ കാരണത്താൽ കറുത്ത് വായിക്കാൻ കഴിയാത്ത അവസ്ഥയിൽ ആയിരുന്നു അത്. ഇത് കണ്ടപ്പോൾ ഹദ്റത് മസീഹ് മൗഊദ്(അ) ന് വല്ലാത്ത വിഷമം തോന്നി. അദ്ദേഹം പറഞ്ഞു, ഹക്കിം മുഹമ്മദ് ശരീഫ് സാഹിബ് നമ്മുടെ സുഹൃത്താണ്. അദ്ദേഹത്തിന് ഹൃദയസംബന്ധമായ രോഗവുമുണ്ട്. മോതിരത്തിന്റെ കല്ല് നഷ്ടപ്പെട്ട കാരണത്താൽ അദ്ദേഹത്തിന് ദു:ഖം അധികരിച്ചാൽ രോഗം മൂർഛിക്കാൻ സാധ്യതയുണ്ട്. കൂടാതെ ഗ്രന്ഥം വളരെ മോശമായ നിലയിലാണ് അച്ചടിച്ചിട്ടുള്ളത് എന്ന് തോന്നുന്നു. ഇത് ആളുകൾക്ക് വായിക്കാനും സാധിക്കില്ല. ഇനി രണ്ടാമതും വൃത്തിയായി അച്ചടിക്കാൻ നമ്മുടെ കയ്യിൽ പണവുമില്ല.

ചുരുക്കത്തിൽ ഉടൻ തന്നെ ഹദ്റത് മസീഹ് മൗഊദ് (അ) ബട്ടാലയിലേക്ക് നടക്കാൻ തുടങ്ങി. ഞാനും അവിടെ ഉണ്ടായിരുന്ന രണ്ട് പേരും ഹുദൂറിനെ അനുഗമിച്ചു. ദീവാനെ വാൾ എത്തിയപ്പോൾ ഹുദൂർ എന്നോട് നമസ്കരിപ്പിക്കാൻ നിർദേശിച്ചു. ഞാൻ ളുഹർ അസ്ർ നമസ്കാരം ജംആക്കി നമസ്കരിപ്പിച്ചു. തുടർന്ന് ഞങ്ങളുടെ കൂടെയുണ്ടായിരുന്ന രണ്ട് പേരും വേർപിരിയുകയും ഞങ്ങൾ അമൃത്സറിലേക്കുള്ള വണ്ടി കയറുകയും ചെയ്തു.

ഹക്കിം സാഹിബിന്റെ വീട്ടിൽ എത്തിയപ്പോൾ അദ്ദേഹം വളരെ സന്തോഷത്തോടെ പറഞ്ഞു, താങ്കളുടെ മോതിരത്തി ന്റെ കല്ല് നഷ്ടപ്പെട്ടിരുന്നു. എന്നാൽ ഇപ്പോൾ അത് തിരികെ ലഭിച്ചിരിക്കുന്നു. അതുകഴിഞ്ഞ് അച്ചടിശാലയിൽ ചെന്ന് നോക്കിയപ്പോൾ പുസ്തകവും നല്ല രീതിയിൽ അച്ചടിച്ചിരിക്കുന്നതായി കാണാൻ സാധിച്ചു. അത് കണ്ടപ്പോൾ ഹുദൂർ (അ) പറഞ്ഞു, അല്ലാഹു എനിക്ക് നിന്റെ ദു:ഖങ്ങൾ അകറ്റപ്പെടും എന്ന സന്തോഷ വാർത്ത നൽകിയിരുന്നു. ആ ദു:ഖം ഇത് തന്നെയാണ്.

**(സീറത്തുൽ മഹ്ദി: വാല്യം 2)**

## ബലി നൽകുന്നവർ അനുഗ്രഹീതർ

**ഹദ്റത് ഖലീഫത്തുൽ മസീഹ് അവ്വൽ (റ)**

ബലിയുടെ കാഴ്ച ബുദ്ധിമാന്മാർക്ക് വളരെയധികം ഗുണകാരിയാകുന്നു. സ്വന്തം കർമങ്ങളെ അവലോകനം ചെയ്യുക. സ്വന്തം പ്രവർത്തനങ്ങളിൽ, സംസാരങ്ങളിൽ, സന്തോഷങ്ങളിൽ, കൂടിക്കാഴ്ചകളിൽ, സ്വഭാവത്തിൽ ചിന്തിക്കുക. ചെറുതിനുവേണ്ടി വലുതിനെ ബലി നൽകുന്നുണ്ടോ ഇല്ലയോ എന്ന് ചിന്തിക്കുക. അഥവാ ബലി നൽകുന്നെങ്കിൽ നിങ്ങളുടെ വ്യക്തിത്വം അനുഗ്രഹീതമാണ്. ന്യൂനതയുള്ള ബലി ഉപേക്ഷിക്കുക. നിങ്ങളുടെ ബലിയർപ്പണത്തിൽ ന്യൂനതയൊന്നും ഉണ്ടാകരുത്.

(പെരുന്നാൾ ഖുത്വുബ: 3.1.1909)

# വിദ്യാഭ്യാസത്തിന്റെയും ശിക്ഷണത്തിന്റെയും ആവശ്യകത

**ഖാദിംകളോട്**

**ഹ.ഖലീഫത്തുൽ മസീഹ് സാനി(റ)**



ഞാൻ മുഴുവൻ യുവാക്കളുടെയും സംസ്കരണത്തിനും മറ്റുള്ളവർക്ക് പ്രയോജനകരമാകുന്ന ദീനി പ്രവർത്തനങ്ങൾക്കും വേണ്ടിയാണ് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ രൂപീകരിച്ചിട്ടുള്ളത്. എന്നാൽ അവരിൽ നിന്നും ലഭിക്കുന്ന റിപ്പോർട്ടിതാണ്, ചില യുവാക്കളെ എന്തെങ്കിലും സേവനം ഏൽപിച്ചാൽ അവരത് നിർവഹിക്കാൻ തയ്യാറല്ല എന്നതാണ് ആദ്യ നിലപാട്. എന്നിട്ട് ഞങ്ങൾക്കിത് ചെയ്യാൻ സാധിക്കില്ല എന്നും പറയുന്നു, എന്നാൽ സമ്മർദ്ദം ചെലുത്തിയാൽ ആ ജോലി അവർ ഏറ്റെടുക്കുന്നു. പക്ഷെ ഞങ്ങൾ അത് ചെയ്യും എന്ന് പറയുന്നതല്ലാതെ അവർ അത് ചെയ്യുന്നില്ല. പിന്നീട് അവർക്ക് എന്തെങ്കിലും ശിക്ഷ നൽകുകയാണെങ്കിൽ അവർ അത് അംഗീകരിക്കാതെ ഞങ്ങൾ രാജി വെക്കുന്നു എന്ന് പറയും. എന്നാൽ ശിക്ഷ ഏറ്റെടുക്കില്ല.

അത്തരക്കാർ അറിയുക, തങ്ങൾ യഥാർഥ അഹ്മദികൾ അല്ല എന്നാണവർ തങ്ങളുടെ കർമങ്ങൾ കൊണ്ട് സ്ഥാപിച്ചുകാണിക്കുന്നത്. കപടവിശ്വാസികളല്ലാതെ ഏതെങ്കിലും ആത്മാർഥരായ സഹാബാക്കൾ ഇത്തരത്തിൽ ജോലിയിൽ നിന്നും പിൻമാറിയതായി നിങ്ങൾക്ക് ഉദാഹരണം ചൂണ്ടിക്കാണിക്കുവാൻ സാധിക്കുമോ? റസൂൽ തിരുമേനി (സ) ഇക്കാര്യത്തെ അംഗീകരിച്ചിരുന്നുവോ?

അപ്പോൾ ഈ ജമാഅത്തിൽ ഇത്തരം മാതൃക കാണിക്കുന്നവരെ സഹാബാക്കളുടെ മാതൃക കാണിക്കുന്നവരാണ് എന്ന് എങ്ങിനെയാണ് പറയാൻ സാധിക്കുക. നമ്മൾ അത്തരക്കാരെ സഹാബാക്കളുടെ കാലഘട്ടത്തിൽ ഈ രീതിയിൽ പെരുമാറിയവരുടെ കൂട്ടത്തിൽ മാത്രമെ ഉൾപ്പെടുത്തുകയുള്ളൂ. അതായത് കപടവിശ്വാസികളുടെ ഗണത്തി ൽ!

## ഓരോ കാലഘട്ടത്തിലെയും ജിഹാദുകൾ വ്യത്യസ്തമാണ്

ആരംഭകാലത്ത് വാളുകൊണ്ടുള്ള ജിഹാദാണ് വേണ്ടിയിരുന്നത് എന്നതിലും ഇപ്പോൾ അതിന് പ്രസക്തിയില്ല എന്നതിലും യാതൊരു സംശയവുമില്ല. എന്നാൽ ഓരോ കാലഘട്ടത്തിലെയും ജിഹാദുകൾ വ്യത്യസ്തങ്ങളാണ്. നബി തിരുമേനി (സ)യുടെ കാലഘട്ടത്തിൽ വാൾ കൊണ്ടുള്ള ജിഹാദ് ഉണ്ടായിരുന്നു. ഇത്തരത്തിലുള്ള ആളുകൾ കരുതുന്നത്, അഥവാ വാളുകൊണ്ടുള്ള ജിഹാദിന് അവസരം ഉണ്ടായിരുന്നുവെങ്കിൽ ഞങ്ങൾ ഏറ്റവും മുൻനിരയിൽ നിൽക്കുമായിരുന്നു എന്നാണ്. എന്നാൽ വാളുകൊണ്ടുള്ള ജിഹാദിന് അവസരം ലഭിച്ചാൽ തന്നെയും ഇത്തരക്കാർ ഏറ്റവും ആദ്യം ഓടി രക്ഷപ്പെടുന്നതാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

അവർ പറയുന്നത് ഇവിടെ വാള് കൊണ്ടുള്ള ജിഹാദല്ലല്ലോ നടക്കുന്നത്. അഥവാ വാളുകൊണ്ടുള്ള ജിഹാദായിരുന്നുവെങ്കിൽ നിശ്ചയമായും ഞങ്ങൾ പങ്കെടുക്കുമായിരുന്നു. എന്നാൽ അത്തരക്കാർ തങ്ങളുടെ ആത്മാവിനെ വഞ്ചിക്കുകയോ കള്ളം പറയുകയോ ആണ് ചെയ്യുന്നത്. അവർ കള്ളം പറയുകയാണെന്നാണ് എനിക്ക് തോന്നുന്നത്. കാരണം ഒരു വ്യക്തി മാസത്തിൽ രണ്ട് ദിവസം തന്റെ വ്യാപാരസ്ഥാപനം അടച്ചിടാൻ തയ്യാറാകാതിരിക്കുമ്പോൾ, അവർ ജിഹാദിന് വേണ്ടി വർഷത്തിൽ എട്ട് മാസം വീട്ടിൽ നിന്ന് അകന്ന് കഴിയുന്നത് എങ്ങനെ സാധ്യമാകും. ഇക്കാലഘട്ടത്തിൽ എത്തരത്തിലുള്ള ജിഹാദാണ് അനിവാര്യമായത് എന്ന് മനസ്സിലാക്കുക. ഇത് ദൈവത്തിന്റെ ജോലിയാകുന്നു. നമ്മുടെ കയ്യിൽ വാൾ തരുന്നതും, പേന തരുന്നതും അവന്റെ കഴിവിൽ പെട്ടതാണ്.

## പ്രചാരണത്തിന്റെയും ശിക്ഷണത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും ജിഹാദുകൾ

അവൻ ഇഛിച്ചാൽ പ്രചരണത്തിന്റെയും ശിക്ഷണത്തിന്റെയും ജിഹാദുകൾ നിർണയിക്കുന്നതാണ്. അല്ലാഹു ഈ കാലഘട്ടത്തിൽ വാൾ കൊണ്ടുള്ള ജിഹാദല്ല നിർണയിച്ചിരിക്കുന്നത്. മറിച്ച്, പ്രചാരണത്തിന്റെയും, വിദ്യാഭ്യാസത്തിന്റെയും. ശിക്ഷണത്തിന്റെയും ജിഹാദുകൾ ആണ് നിർണയിച്ചിരിക്കുന്നത്. പ്രസ്തുത ജിഹാദിനെ സംബന്ധിച്ചാണ് സൂറത്തുൽ ജുമുആയിൽ പരാമർശിക്കുന്നത്. റസൂൽ തിരുമേനി (സ)യുടെ രണ്ടാം വരവിനെ സംബന്ധിച്ചും പറഞ്ഞിട്ടുണ്ട്. **യത്‌ലു അലയ്ഹിം ആയാത്തിഹി** എന്നതിൽ അല്ലാഹുവിന്റ അടയാളങ്ങൾ മറ്റുള്ളവർക്ക് മുന്നിൽ സമർപിക്കുക അഥവാ തബ്‌ലീഗ് ചെയ്യുക എന്നത് ഓരോ മുസ്‌ലിമിന്റെയും നിർബന്ധ കടമയായി പറഞ്ഞിരിക്കുന്നു. **യുസക്കീഹിം** എന്നതിൽ പറയുന്നത് അവരെ ശുദ്ധീകരിക്കുക എന്നാണ്. അഥവാ ദുആകളിലൂടെ ആത്മീയ പരിഷ്കരണം ഉണ്ടാക്കുക. ഇതിന്റെ മറ്റൊരർഥം, ആളുകളെ മുന്നോട്ട് നയിക്കുക എന്നുമാണ്. ഭൗതിക വിദ്യാഭ്യാസത്തിൽ പിൻനിൽക്കുന്നവരാണെങ്കിൽ അവരുടെ വിദ്യാഭ്യാസ ഉന്നമനത്തിനായി പരിശ്രമിക്കുക. അഥവാ എണ്ണത്തിൽ കുറവാണെങ്കിൽ അംഗസംഖ്യ വർദ്ധിപ്പിക്കാൻ ശ്രമിക്കുക. സാമ്പത്തികമായി പിന്നാക്കാവസ്ഥയാണെങ്കിൽ അതിൽ മുന്നോട്ട് കൊണ്ടു വരിക. ചുരുക്കത്തിൽ എന്ത് കുറവുകൾ ആണോ അവർക്കുള്ളത് അതിനെ നികത്തികൊണ്ട് സാമ്പത്തിക സാമൂഹിക സന്തുലിതാവസ്ഥ ഉണ്ടാക്കാൻ ശ്രമിക്കുക.

**യുഅല്ലിമുഹുമുൽ കിതാബ** എന്നതിൽ പറയുന്നത്, അവർക്ക് വിശുദ്ധഖുർആൻ പഠിപ്പിക്കുക. വൽഹിക്മത്ത എന്നതിൽ പറയുന്നത് അവർക്ക് ശരീഅത്തിന്റെ തത്ത്വജ്ഞാനങ്ങൾ പഠിപ്പിക്കുക എന്നാണ്.

ചുരുക്കത്തിൽ അഞ്ച് പ്രധാന ദൗത്യങ്ങളാണ് നമ്മിൽ അർപിതമായരിക്കുന്നത്.

**1.** തബ്‌ലീഗ് അഥവാ പ്രചരണം. **2.** വിശുദ്ധഖുർആൻ പഠിപ്പിക്കുക. **3.**ശരീഅത്തിന്റെ തത്ത്വജ്ഞാനങ്ങൾ പഠിപ്പിക്കുക. **4.** ശരിയായ നിലയിൽ ശിക്ഷണം നൽകുക. **5.** സമൂഹത്തിന്റെ ഭൗതീക ദൗർബല്യങ്ങളെ അകറ്റികൊണ്ട് അവരെ പുരോഗമന പാന്ഥാവിലേക്ക് നയിക്കുക.

**(മശ്അലെ രാഹ്: വാള്യം 1)**

**– ടി.അമീറുദ്ദീൻ സാജിദ്, മൂവാറ്റുപ്പുഴ**

വനിതാരംഗം

അബൂ തബസ്സും

# അഹ്മദി വനിതകളുടെ തവക്കൽ ഇലല്ലാഹ്

**ഹദ്റത് ഖലീഫത്തുൽ മസീഹ് റാബിഅ് (റഹ്)**

**അല്ലാഹുവിന്റെ ഫോൺ**

അബ്ദുൽ മജീദ് നിയാസ് സാഹിബിന്റെ ഭാര്യ ശരീഫ് ബീബി സാഹിബ ഒരു ഹൃദ്യമായ സംഭവം ഇപ്രകാരം വിവരിക്കുന്നു, അവരുടെ സാമ്പത്തികനില വളരെ മോശമായിരുന്ന സമയമായിരുന്നു. എല്ലാ കുട്ടികളും പഠിക്കുകയായിരുന്നു. പുതിയ അദ്ധ്യായന വർഷം ആരംഭിച്ചപ്പോൾ പുസ്തകങ്ങൾക്കും മറ്റുമായി ധാരാളം പൈസയുടെ ആവശ്യം വന്നു. കുട്ടികൾ വാശി പിടിക്കാൻ തുടങ്ങി. അവർക്ക് വിഷമം തോന്നി. പല തവണ കടം വാങ്ങാൻ ആലോചിച്ചു. എന്നാൽ എങ്ങനെ തിരിച്ചു നൽകും എന്ന ചിന്തയിൽ അതിൽ നിന്ന് പിന്തിരിഞ്ഞു. അഥവാ കടം തിരിച്ച് നൽകാൻ കഴിഞ്ഞില്ലെങ്കിൽ അത് ചതിയും വഞ്ചനയും തവക്കലിന് വിരുദ്ധവുമാകും. അവർ പറയുന്നു, ഞാൻ പിന്നീട് തഹജ്ജുദ് നമസ്കരിച്ചു കൊണ്ട് ദുആ ചെയ്തു. അല്ലാഹുവേ! ഞാൻ നിരാശ്രയയാണ്. ഞാൻ സത്യതയക്കായിട്ടാണ് കടം വാങ്ങുന്നതിൽ നിന്ന് പിന്തിരിഞ്ഞത്. ഇനി നീയല്ലാതെ എനിക്ക് മറ്റൊരു ആശ്രിതനില്ല. പറയുന്നു, അപ്പോൾ പൈസ വരുന്നതാണ് എന്നൊരു ശബ്ദം എനിക്കു കേൾക്കുമാറായി. അടുത്ത ദിവസം വീണ്ടും കുട്ടികൾ വാശി പിടിച്ചപ്പോൾ അവർ കുട്ടികളോട് വളരെ രസകരമായ ഒരു കാര്യം പറഞ്ഞു, അതായത് അവർ പറഞ്ഞു രാത്രി എനിക്ക് അല്ലാഹുവിന്റെ ഫോൺ വന്നിരുന്നു. പൈസ വരുന്നതാണെന്ന് പറയുകയും ചെയ്തു. കാരണം ഫോണിലൂടെ കേൾക്കുന്നതു പോലെ കാതുകളിലാണ് ശബ്ദം പതിച്ചത്. പറയുന്നു, അടുത്ത ദിവസം ഒരു വ്യക്തി അവരുടെ വീട്ടിൽ വന്ന് കുറച്ചു പൈസ നൽകി ക്കൊണ്ട് പറഞ്ഞു, കാനഡയിൽ നിന്ന് ഒരു സ്ത്രീ തന്റെ ഭർത്താവിന്റെ വ്യാപാരത്തിൽ അനുഗ്രഹം ഉണ്ടാകുന്നതിനായി നിങ്ങളെകൊണ്ട് ദുആ ചെയ്യിച്ചിരുന്നു. വ്യാപാരം വളരെ മെച്ചപ്പെട്ടു. അതിന്റെ സന്തോഷമായിട്ടാണ് ഈ പൈസ നിങ്ങൾക്ക് അയച്ചിട്ടുള്ളത്......

**ട്രങ്കിലെ പണം**

ചൗധരി മെഹർ ദീൻ സാഹിബിന്റെ ഭാര്യ റഊഫാ ശാഹീൻ സാഹിബ എഴുതുന്നു, 1974 ൽ അവരുടെ ഭർത്താവ് ഫൈസലാബാദിലുള്ള ഒരു സ്റ്റോറിൽ മാനേജരായിരുന്നു. സ്റ്റോറുടമയുടെ പെരുമാറ്റം മാന്യമായിരുന്നു. എന്നാൽ 74 ലെ എതിർപ്പിനു ശേഷം നിർബന്ധിതാവസ്ഥയിൽ സ്റ്റോറുടമ അദ്ദേഹത്തെ ജോലിയിൽ നിന്നും പിരിച്ചു വിട്ടു. ഏതാനും ദിവസത്തിനുള്ളിൽ തന്നെ സ്വരുക്കൂട്ടിയതെല്ലാം കഴിഞ്ഞു. അല്പം വെള്ളം തിളപ്പിക്കാനുള്ള മണ്ണെണ്ണ പോലും ഇല്ലാതെ പട്ടിണിയുടെ അവസ്ഥ വരെയെത്തി. ചെറിയ ചെറിയ കുട്ടികളായിരുന്നു. അവസാനം ചോദിക്കുന്നെങ്കിൽ അല്ലാഹു അല്ലാതെ മറ്റാരുടെയും മുന്നിൽ യാചിക്കുന്നതല്ല എന്ന ചിന്തിച്ചു. പറയുന്നു, ഞാൻ വുളു എടുത്തു മുറി അടച്ചിട്ടു ധാരാളം ദുആ ചെയ്തു. വൈകുന്നേരം വെറുതെ വസ്ത്രങ്ങൾ നോക്കിക്കൊണ്ടിരുന്നപ്പോൾ ട്രങ്കിൽ നിന്നും 40 ഓ 50 ഓ രൂപ ലഭിച്ചു. അങ്ങനെ അല്ലാഹു അന്നേരത്തെ ആവശ്യം പൂർത്തിയാക്കി തന്നു. പിന്നീട് ഭർത്താവിന് മറ്റൊരു ജോലി ലഭിക്കുന്നത് വരെ ആരെയും ആശ്രയിക്കേണ്ട അവസ്ഥ വന്നില്ല.

**മടക്കികൊടുത്തുവിട്ട പണം**

നമ്മുടെ മുറബ്ബിയായ ചൗധരി ലത്വീഫ് സാഹിബിന്റെ ഭാര്യയായ സഫിയ ബേഗം സാഹിബ പറയുന്നു, ഒരു ദിവസം കോളേജിൽ പഠിക്കുന്ന എന്റെ മകന് ഫീസ് അടക്കേണ്ട ദിവസം വന്നു. അവന്റെ കയ്യിൽ അതിനുള്ള പണം ഉണ്ടായിരുന്നില്ല. മൗലവി സാഹിബ് രാജ്യത്തിന് പുറത്ത് പോയിരിക്കുകയായിരുന്നു. പൈസ അദ്ദേഹത്തിന്റെ കയ്യിലായിരുന്നു. സ്ത്രീയുടെ കയ്യിൽ കുറച്ച് പണമേ ഉണ്ടായിരുന്നുള്ളു. ഇന്ന് തന്നെ ഫീസ് അടക്കണം എന്ന് പറഞ്ഞു മകൻ ശാഠ്യം പിടിക്കാൻ തുടങ്ങി. പറയുന്നു, ഞാൻ പർദയണിഞ്ഞു ആരോടെങ്കിലും ചോദിക്കാം എന്ന് കരുതി തയ്യാറായി. എന്നാൽ ആരോടാണ് ചോദിക്കുക എന്നോർത്ത് അസ്വസ്ഥയായി. അവസാനം ധൈര്യം സംഭരിച്ച് വാതിലിനടുത്തേക്ക് നീങ്ങി. പുറത്തേക്ക് കാലെടുത്ത് വെച്ചപ്പോൾ തന്നെ അപ്പുറത്തെ വാതിലിൽ ആരോ മുട്ടി. അവർ വാതിൽ തുറന്നപ്പോൾ ഒരു വ്യക്തി അവർക്ക് ആവശ്യമുണ്ടായിരുന്ന അത്രയും പണം നൽകിക്കൊണ്ട് പറഞ്ഞു, കുട്ടികളുടെ വാപ്പ തബ്ലീഗിനായി വിദേശത്തേക്ക് പോയപ്പോൾ കുറച്ച് പാക്കിസ്താനി കറൻസി യാത്രയിൽ ആവശ്യം വന്നാൽ ഉപയോഗിക്കാം എന്ന് കരുതി കയ്യിൽ കരുതിയിരുന്നു. എന്നാൽ എയർപ്പോർട്ടിൽ എത്തിയപ്പോൾ ഇനി അതിന്റെ ആവശ്യമില്ല എന്ന് കരുതി എന്റെ കയ്യിൽ തന്നു വിട്ടതാണ്. അങ്ങനെ കൃത്യസമയത്ത് തന്നെ അവർക്ക് ആവശ്യമായ പണം ലഭിക്കുകയുണ്ടായി.

**സത്പെരുമാറ്റത്തിന്റെ പ്രതിഫലം**

നമ്മുടെ മുബല്ലിഗ് ആയ സുൽതാൻ മഹ്മൂദ് സാഹിബിന്റെ ഭാര്യ മഹ്മൂദ് ശൗകത് സാഹിബ എഴുതുന്നു, മൗലവി സാഹിബ് ഘാനയിലായിരുന്ന സമയത്ത് ഒരിക്കൽ കുട്ടികളുടെ അദ്ധ്യായന വർഷം ആരംഭിച്ചു. ചെലവിനായി വീട്ടിൽ പണമില്ലായിരുന്നു. തിരിച്ചു നൽകാൻ കഴിയുമോ എന്ന ഭയത്താൽ കടം വാങ്ങുന്നതിനുള്ള ധൈര്യം വന്നില്ല....... അവസാനം കുറെ ആലോചിച്ച് ധൈര്യം സംഭരിച്ച് കടം വാങ്ങാനായി പുറപ്പെട്ടു. അങ്ങനെ പരിചയമുള്ള ഒരു വീട്ടിലെത്തി. വാതിലിൽ മുട്ടാൻ നേരത്ത് വീണ്ടും കടം വാങ്ങുന്നതിനെ മനസ് എതിർത്തു. അങ്ങനെ വീട്ടിലേക്ക് വെറും കയ്യോടെ മടങ്ങി. വീട്ടിൽ എത്തിയപ്പോൾ വീടിന്റെ വാതിലിൽ പോസ്റ്റ്മാന്റെ ഒരു കുറിപ്പ് കണ്ടു. നിങ്ങൾക്കൊരു മണിഓർഡർ വന്നിട്ടുണ്ട്, വന്ന് കൈപ്പറ്റുക എന്ന് അതിൽ എഴുതിയിരുന്നു. ഒരു വാതിലിൽ നിന്ന് മടങ്ങിയപ്പോൾ അടുത്ത വാതിലിൽ അല്ലാഹുവിന്റെ സന്ദേശം. നോക്കുക എത്ര സ്നേഹഭരിതമായ പെരുമാറ്റം. നമുക്കൊരിക്കലും സങ്കൽപിക്കാൻ പോലുംകഴിയാത്ത പെരുമാറ്റം.......അങ്ങനെ അവർ അവിടെ എത്തി പണം കൈപ്പറ്റി. അതോടൊപ്പം പഴയ ഒരു സ്നേഹിതയുടെ കത്തും ഉണ്ടായിരുന്നു. ഇവർ രണ്ടുപേരും ഒരു ഹോസ്റ്റലിൽ ഒരുമിച്ച് കഴിഞ്ഞിട്ടുണ്ടായിരുന്നു. അവരോട് ഇവർ വളരെ നല്ലനിലയിൽ പെരുമാറുകയും ചെയ്തിട്ടുണ്ടായിരുന്നു. അവർ എഴുതിയിരുന്നത്, നിങ്ങൾ എന്നോട് ഹോസ്റ്റലിൽ വളരെ നല്ല നിലയിൽ പെരുമാറിയിരുന്നു. ഇപ്പോൾ എനിക്ക് പുതിയ ജോലി കിട്ടി. ഇന്ന് ശമ്പളം ലഭിച്ചപ്പോൾ നിങ്ങളുടെ സത്പെരുമാറ്റത്തിന്റെ ഓർമയ്ക്കായി നിങ്ങളെയും ഈ ഉപഹാരത്തിൽ നിങ്ങളെയും പങ്കുചേർക്കാനായി ഞാൻ ആഗ്രഹിക്കുന്നു. നോക്കുക, എങ്ങനെയാണ് രണ്ട് വ്യത്യസ്ത സമയങ്ങളെ ഇണക്കിച്ചേർത്തത്.

(സ്ത്രീകളോടുള്ള പ്രഭാഷണം: 11.09.1993, ജൽസാ സാലാന ജർമനി)

ഗോൾ പോസ്റ്റ്

സഫ്‌വാൻ വാഴക്കാല

# സിവിൽ സർവീസ് മെയിൻ പരീക്ഷയെ അറിയാം

നിങ്ങളുടെ പേരിനു ശേഷം ഐ.എ.എസ്, ഐ.പി.എസ് എന്നാണോ എഴുതുക അല്ലെങ്കിൽ ഇരുപത്തിമൂന്നോളം സർവീസുകളിൽ ഏതിലാണ് നിങ്ങളുടെ കരിയർ തുടങ്ങുകയെന്നത് തീരുമാനിക്കുക സിവിൽ സർവീസ് മെയിൻ പരീക്ഷയിലെ നിങ്ങളുടെ പ്രകടനമായിരിക്കും. സിവിൽ സർവീസ് മെയിൻ പരീക്ഷയുടെ ഉദ്ദേശ്യലക്ഷ്യം ഉദ്യോഗാർത്ഥിയുടെ അറിവും ബുദ്ധിപരമായ സവിശേഷ കഴിവുകളെയും വിലയിരുത്തലാണ്. വിവിധ വിഷയങ്ങളിലുള്ള ഉദ്യോഗാർത്ഥിയുടെ പൊതുവായ അറിവിനെ വെളിവാക്കുന്ന തരത്തിലുള്ള ചോദ്യങ്ങളാണു ഉണ്ടാവുക. പ്രധാനപ്രശ്നങ്ങളെക്കുറിച്ചുള്ള ഉദ്യോഗാർത്ഥിയുടെ ധാരണയെയും അവ വിശകലനം ചെയ്യാനുള്ള കഴിവിനെയും മനസ്സിലാക്കാൻ കഴിയുന്ന വിധത്തിലായിരിക്കും ചോദ്യങ്ങൾ ചോദിക്കുക. സാമൂഹിക -സാമ്പത്തിക ലക്ഷ്യങ്ങളെയും ഉദ്ദേശ്യങ്ങളെയും ആവശ്യങ്ങളെയും കുറിച്ചുള്ള ഉദ്യോഗാർത്ഥിയുടെ നിലപാടുകളും ഇവിടെ പരിശോധിക്കപ്പെടും. ഇവയ്ക്കുള്ള ഉത്തരങ്ങൾ സംക്ഷിപ്തവും അർത്ഥവത്തും പ്രസക്തവുമായിരിക്കാൻ ഉദ്യോഗാർത്ഥി ശ്രദ്ധ വെക്കേണ്ടതാണ്.

പ്രിലിമിനറി പരീക്ഷക്കു മുൻപേ മെയിൻ പരീക്ഷയുടെ തയ്യാറെടുപ്പ് തുടങ്ങണമെന്നാണ് ഈ മേഖലയിലെ വിദഗ്ദ്ധരുടെ അഭിപ്രായം. കാരണം പ്രിലിമിനറി പരീക്ഷ കഴിഞ്ഞ് ലഭിക്കുന്ന ചുരുങ്ങിയ സമയത്തിനുള്ളിൽ മെയിൻ പരീക്ഷയുടെ വിശാലമായ സിലബസ്സ് പഠിച്ച് തീരാൻ കഴിയുകയില്ല. 1750 മാർക്കിനുള്ള മൂന്ന് മണിക്കൂർ ദൈർഘ്യം നിറഞ്ഞ വിവരണാത്മക പരീക്ഷയാണിത്. പ്രാദേശിക ഭാഷ പേപ്പറും ഇംഗ്ലീഷ് പേപ്പറും ഒഴിച്ചുള്ള വിഷയങ്ങളിൽ ഭരണഘടനയുടെ എട്ടാം ഷെഡ്യൂളിൽ പറഞ്ഞിരിക്കുന്ന 22 ഭാഷകളിൽ ഏതെങ്കിലുമൊന്നിൽ പരീക്ഷ എഴുതാൻ കഴിയും. ഉപരിവിപ്ലവമായ ഉത്തരങ്ങൾക്ക് മാർക്ക് ലഭിക്കില്ല. കുറഞ്ഞ വാക്കുകളിൽ ക്രമാനുഗതവും ശക്തവും യുക്തിഭദ്രവുമായ രീതിയിലായിരിക്കണം ഉത്തരങ്ങൾ അവതരിപ്പിക്കേണ്ടത്. വായനായോഗ്യമായ കയ്യക്ഷരത്തിലായിരിക്കണം പരീക്ഷ എഴുതേണ്ടത്. പരീക്ഷാസിലബസ്സ് താഴെ കൊടുക്കുന്നു.

| | | |
|---|---|---|
| പേപ്പർ A | ഭാഷ- ഭരണഘടനയുടെ 8-ാം ഷെഡ്യൂളിൽ പറഞ്ഞിരിക്കുന്ന 22 ഭാഷകളിൽ ഏതെങ്കിലുമൊന്ന് | 300 മാർക്ക് |
| പേപ്പർ B | ഇംഗ്ലീഷ് | 300 മാർക്ക് |
| പേപ്പർ-1 | ലേഖനം (Essay) | 250 മാർക്ക് |
| പേപ്പർ-2 | ജനറൽ സ്റ്റഡീസ് - I ഇന്ത്യൻ ചരിത്രം & പാരമ്പര്യം, ലോകത്തിന്റെയും സമൂഹങ്ങളുടെയും ചരിത്രവും ഭൂമിശാസ്ത്രവും | 250 മാർക്ക് |
| പേപ്പർ-3 | ജനറൽ സ്റ്റഡീസ് - II ഭരണം, ഭരണ ഘടന, നിയമവ്യവസ്ഥ, സാമൂഹിക നീതി, അന്തർദേശീയ ബന്ധങ്ങൾ | 250 മാർക്ക് |
| പേപ്പർ-4 | ജനറൽ സ്റ്റഡീസ് - III സാങ്കേതികവിദ്യ, സാമ്പത്തിക പുരോഗതി, ജൈവവൈവിധ്യം, പരിസ്ഥിതി, സുരക്ഷ, ഡിസാസ്റ്റർ മാനേജ്മെന്റ് | 250 മാർക്ക് |
| പേപ്പർ-5 | ജനറൽ സ്റ്റഡീസ് IV എത്തിക്സ്, അഭിക്ഷമത, സ്വഭാവദാർഢ്യം (Integrity) | 250 മാർക്ക് |
| പേപ്പർ-6 | ഓപ്ഷണൽ സബ്ജക്റ്റ്-പേപ്പർ 1 | 250 മാർക്ക് |
| പേപ്പർ-7 | ഓപ്ഷണൽ സബ്ജക്റ്റ്-പേപ്പർ 2 | 250 മാർക്ക് |

ഇതിൽ പേപ്പർ എ യുടെയും ബി യുടെയും മാർക്കുകൾ അന്തിമ ഫലനിർണയത്തിനു എടുക്കുന്നതല്ല. എന്നാൽ പേപ്പർ എ യ്ക്ക് 30% വും പേപ്പർ ബി യ്ക്ക് 25% വും മാർക്ക് ലഭിച്ചവരുടെ മറ്റു പേപ്പറുകൾ മാത്രമേ ഔദ്യോഗികമായി അംഗീകരിക്കുകയുള്ളു. അഗ്രികൾച്ചർ, അനിമൽ ഹസ്ബന്ററി & വെറ്റിനറി സയൻസ്, നരവംശ ശാസ്ത്രം, സസ്യശാസ്ത്രം, ജന്തുശാസ്ത്രം, രസതന്ത്രം, സിവിൽ എൻജിനിയറിങ്ങ്, കൊമേഴ്സ് & അക്കൗണ്ടൻസി, സാമ്പത്തിക ശാസ്ത്രം, ഇലക്ട്രിക്കൽ എൻജിനിയറിങ്ങ്, ഭൂമിശാസ്ത്രം, ജിയോളജി, ചരി ത്രം, നിയമം, മാനേജ്മെന്റ്, മെക്കാനിക്കൽ എൻജിനിയറിങ്ങ്, വൈദ്യശാസ്ത്രം, ഫിലോസഫി, ഫിസിക്സ്, പൊളിറ്റിക്കൽ സയൻസ് & ഇന്റർനാഷണൽ റിലേഷൻസ്, മന:ശാസ്ത്രം, പബ്ലിക് അഡ്മിനിസ്ട്രേഷൻ, സോഷ്യോളജി, സ്റ്റാറ്റിസ്റ്റിക്സ് തുടങ്ങി 22 ഭാഷകളിലൊന്നിന്റെ സാഹിത്യമുൾപ്പെടെ 48 വിഷയങ്ങളിൽ നിന്നു ഓപ്ഷണൽ സ്ബ്ജക്റ്റിന് വിഷയം തിരഞ്ഞെടുക്കാവുന്നതാണ്. ഓപ്ഷണൽ വിഷയങ്ങൾ തിരഞ്ഞെടുക്കുമ്പോൾ വിഷയത്തിനോടുള്ള നിങ്ങളുടെ താത്പര്യവും അഭിക്ഷമതയും അതു സംബന്ധമായ പുസ്തകങ്ങളുടെയും മറ്റ് വിവരങ്ങളുടെ ശേഖരണലഭ്യതയും ശ്രദ്ധ വെക്കേണ്ടതാണ്. ബിരുദത്തിനു പഠിച്ച വിഷയങ്ങൾ തിരഞ്ഞെടുക്കുന്നതാണു കൂടുതൽ അഭികാമ്യം. ഓപ്ഷണൽ വിഷയം തിരഞ്ഞെടുക്കുമ്പോൾ കഴിഞ്ഞ മൂന്ന് വർഷങ്ങളിലെ ആ വിഷയത്തിന്റെ വിജയശതമാനം ശ്രദ്ധിക്കേണ്ടതാണ്. ഇത് യു.പി. എസ്.സിയുടെ വാർഷിക റിപ്പോർട്ടിൽ കൊടുത്തിട്ടുണ്ടാവും. ഒരാൾ മാത്രം തിരഞ്ഞെടുത്ത് വിജയിച്ച വിഷയത്തിന്റെ വിജയശതമാനം നൂറാണെന്നു പറയുന്നതിൽ സ്വാഭാവികമായും യാതൊരു അർഥവുമില്ല. അതിനാൽ ഏറ്റവും കുറഞ്ഞത് നൂറു പേരെങ്കിലും പരീക്ഷ എഴുതിയ വിഷയമായിരിക്കാൻ ശ്രദ്ധിക്കണം. ഓപ്ഷണൽ വിഷയം തിരഞ്ഞെടുക്കുമ്പോൾ മേൽ പറഞ്ഞ കാര്യങ്ങൾ ഓർമ്മ വെക്കുന്നത് നന്നായിരിക്കും.

മെയിൻ പരീക്ഷയിലെ ജനറൽ സ്റ്റഡീസ് പേപ്പർ IV ഉദ്യോഗാർത്ഥികളെ ആശങ്കപ്പെടുത്താൻ സാധ്യതയുണ്ട്. എത്തിക്സ്, അഭിക്ഷമത, സ്വഭാവദാർഢ്യം (Integrity) തുടങ്ങിയ വിഷയങ്ങളെകുറിച്ചാണ് ഇതിൽ ചോദ്യങ്ങൾ വരുക. എത്തിക്സിന്റെ നിലവാരം നിശ്ചയിക്കുക ഓരോ കാലത്തിന്റെയും സമയത്തിന്റെയും സമൂഹത്തിന്റെയും അടിസ്ഥാനത്തിലായിരിക്കും. നമ്മുടെ രാജ്യത്ത് അംഗീകരിക്കപ്പെട്ട ചില മൂല്യങ്ങളുണ്ടാവും. സാഹചര്യങ്ങളെ വിലയിരുത്തിക്കൊണ്ട് അംഗീകൃത മൂല്യങ്ങൾക്ക് പ്രാധാന്യം കൊടുത്തുക്കൊണ്ടായിരിക്കണം നിങ്ങൾ ഉത്തരമെഴുതേണ്ടത്. രണ്ടാം ഭരണപരിഷ്ക്കാര കമ്മീഷന്റെ നാലാമത്തെ റിപ്പോർട്ട് ഈ പേപ്പറിന്റെ തയ്യാറെടുപ്പിൽ വളരെയധികം പ്രയോജനപ്പെടും.

നിശ്ചയദാർഢ്യത്തോടെയുള്ള നിരന്തര തയ്യാറെടുപ്പുകൊണ്ടു മാത്രമേ സിവിൽ സർവീസ് പരീക്ഷയെ കീഴ്പ്പെടുത്താൻ കഴിയുകയുള്ളു. വിജയത്തിന്റെ പടിവാതിൽക്കലിൽ എത്തുമ്പോഴായിരിക്കും തന്നെക്കൊണ്ട് കഴിയില്ല എന്നു തോന്നൽ ശക്തമാവുകയും തിരിഞ്ഞു നടക്കാനുള്ള പ്രേരണയുണ്ടാവുകയും ചെയ്യുക. ഒരിക്കലും, ഒരിക്കലും, ഒരിക്കലും ഉപേക്ഷിക്കരുതെന്ന വിൻസ്റ്റൺ ചർച്ചിലിന്റെ വാക്കുകളപ്പോൾ ഓർമ്മവെക്കുന്നത് നന്നായിരിക്കും. അടുത്ത ലക്കത്തിൽ ഇന്റർവ്യൂവിന്റെ വിശദാംശങ്ങൾ പരിശോധിക്കാം.

# ഖുർആൻ ഖത്തം



**കണ്ണൂർ:** സിറ്റി ജമാഅത്തിലെ ടി. നിയാസ് അഹ്മദ് സാഹിബിന്റെയും താഹിറ ശബീന സാഹിബയുടെയും മകളായ ശാഇസ്ത അഹ്മദ് 6-ാം വയസ്സിൽ വിശുദ്ധഖുർആൻ മുഴുവനും ഓതി പൂർത്തിയാക്കി. അനുഗൃഹീത വഖ് ഫെ നൗ പദ്ധതിയിൽ അംഗമാണ്.



**കണ്ണൂർ:** സിറ്റി ജമാഅത്തിലെ ഇടപ്പകത്ത് നസീം അഹ്മദ് സാഹിബിന്റെയും ഫാതിമ ജസീന സാഹിബയുടെയും മകളായ അംന സമീൻ. $6^{1/2}$ വയസ്സിൽ വിശുദ്ധഖുർആൻ ഓതി പൂർത്തിയാക്കി.



**കാക്കനാട്:** യാസർ അറഫാത്ത് സാഹിബിന്റെയും ഹിദായത്തുന്നിസാ സാഹിബയുടെയും മകളായ ഫഹ്മീദ സൈൻ. 6-ാം വയസ്സിൽ വിശുദ്ധഖുർആൻ ഓതി പൂർത്തിയാക്കി. വഖ്ഫെനൗ അംഗമാണ്.



**കാക്കനാട്:** ജമാഅത്ത് സദറും മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ എറണാകുളം ജില്ല ഖാഇദുമായ ഇ.എച്ച് നജീബ് സാഹിബിന്റെയും മുംതാസ് സാഹിബയുടെയും മകളായ സാഇമാ നജീബ്. 7-ാം വയസിൽ വിശുദ്ധ ഖുർആൻ ഓതി പൂർത്തിയാക്കി.

# അഭിജീത്ത് മുഖർജി ഖാദിയാൻ സന്ദർശിച്ചു

**ഖാദിയാൻ:**പശ്ചിമ ബംഗാളിലെ ജംഗിപൂർ ലോക്സഭാ മണ്ഡലത്തെ പാർലമെന്റിൽ പ്രതിനിധാനം ചെയ്യുന്ന അഭിജീത്ത് മുഖർജി ഖാദിയാനിൽ സൗഹൃദ സന്ദർശനം നടത്തി. ഇന്ത്യൻ രാഷ്ട്രപതി പ്രണബ് മുഖർജിയുടെ മകൻ കൂടിയായ അഭിജീത്ത് മുഖർജിയെ നാസിർ അഅ്‌ല മൗലാന ഇനാം ഗോരി സാഹിബ് ഖാദിയാനിലേക്ക് സ്വാഗതം ചെയ്തു. ഖാദിയാനിലെ പ്രശസ്തമായ മസ്ജിദ് അഖ്സ സന്ദർശിച്ച അദ്ദേഹം മിനാരത്തുൽ മസീഹിൽ കയറുകയും അവിടെ നിന്നുകൊണ്ട് ഖാദിയാനിന്റെ വിഹഗ വീക്ഷണം നടത്തുകയുമുണ്ടായി. ജംഗിപൂർ സ്വദേശിയായ മസ്ജിദ് അഖ്സയുടെ കെയർ ടേക്കർ ഫാറൂഖ് അഹ്മദി നോട് അദ്ദേഹം കുശലാന്വേഷണം നടത്തുകയുണ്ടായി. ദാറുൽ മസീഹും ബഹിശ്തി മഖ്ബറയും സന്ദർശിച്ച അദ്ദേഹം തന്റെ ബംഗാളി അഹ്മദി സുഹൃത്തുക്കളുടെ നിർബന്ധമാണ് ഇത്തരമൊരു സന്ദർശനത്തിനു തന്നെ പ്രേരിപ്പിച്ചതെന്നു പറയുകയുണ്ടായി. അഹ്മദിയ്യ മുസ്‌ലിം ജമാഅത്തിന്റെ ആഗോള നേതാവ് ഹദ്റത് മിർസാ മസ്റൂർ അഹ്മദ് സാഹിബിന്റെ (അയ്യദഹു) ആഗോളപ്രതിസന്ധിയും സമാധാനത്തിലേക്കുള്ള പാതയുമെന്ന ഗ്രന്ഥത്തിന്റെ വായന വലിയൊരു പ്രഭാവമാണ് തന്നിൽ ചെലുത്തിയതെന്ന് അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. നാസിർ അഅ്‌ല മൗലാന ഇനാം ഗോരി സാഹിബും മുഹമ്മദ് നസീം ഖാൻ സാഹിബും ചേർന്ന് അഭിജീത്ത് മുഖർജിയെ ഷാൾ അണിയിച്ചു ആദരിച്ചു. അഹ്മദിയ്യ സാഹിത്യങ്ങളും നൽകുകയുണ്ടായി.



# അരിവിതരണവും നോമ്പ്തുറയും

**മാത്തോട്ടം:** 30 അനാഥകുട്ടികൾ താമസിക്കുന്ന ഫ്രീബേർഡ്സ് എന്ന സ്ഥാപനത്തിലും 30 അന്തേവാസികളുള്ള ബ്ലെൻഡ് സ്ക്കൂളിലും മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ അരിവിതരണം നടത്തി.




ഫ്രീബേർഡ്സിലെ കുട്ടികൾക്കായി നോമ്പ്തുറയും സംഘടിപ്പിക്കുകയുണ്ടായി. ഖാഇദ് മജ്‌ലിസ് എം.ജലീൽ അഹ്മദ് നേതൃത്വം നൽകി.



# അരി വിതരണം ചെയ്തു

**പള്ളിപ്പുറം:** മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യായുടെ ആഭിമുഖ്യത്തിൽ ഈദുൽ ഫിത്തറിനോടനുബന്ധിച്ച് പ്രദേശത്തെ 40 ൽ പരം ദരിദ്രകുടുംബങ്ങൾക്ക് 10 കിലോ വീതം അരിവിതരണം ചെയ്തു. ഖാഇദ് പി. ഷാജിമോൻ സാഹിബിന്റെ നേതൃത്വത്തിൽ നടന്ന അരിവിതരണം ജമാഅത്ത് സദർ പി. സൈദുട്ടി മാസ്റ്റർ സാഹിബിന്റെ സാന്നിദ്ധ്യത്തിൽ മൗ. എൻ.ശഫീഖ് അഹ്മദ് സാഹിബിന്റെ ദുആയോട് കൂടിയാണ് ആരംഭിച്ചത്



# ഇഫ്താർ വിരുന്ന്

**ലണ്ടൻ:** വിവിധ മത വിശ്വാസികൾ സമൂഹ നോമ്പുതുറയിൽ പങ്കെടുക്കാനായി മോർഡനിലെ ബൈത്തുൽ ഫുതുഹ് മസ്ജിദിൽ ഒത്തുചേർന്നു. അഹ്മദിയ്യ മുസ്‌ലിം അസോസിയേഷൻ യു.കെ യുടെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ഇഫ്താർ വിരുന്നിൽ പ്രാദേശിക ജനതയിൽ നിന്നു ക്രിയാത്മക പ്രതികരണമാണു ലഭിച്ചതെന്നും ചില അമുസ്‌ലിം സുഹൃത്തുക്കൾ ദൈവത്തിലേക്കു അടുക്കുകയെന്ന റമദാന്റെ ഉദ്ദേശ്യലക്ഷ്യം അനുഭവിച്ചറിയുന്നതിനായി നോമ്പ് പിടിക്കുകയുണ്ടായെന്നും സെക്രട്ടറി ഉമ്മൂറെ ഖാരിജ മഹ്മൂദ് റഫീഖ് സാഹിബ് പറയുകയുണ്ടായി. വൂൾവിച്ചിൽ വെച്ച് തീവ്ര മുസ്‌ലിം മൗലികവാദികൾ ലീ റിഗ്ബിയെന്ന സൈനികനെ ഭീകരമായി കൊലപ്പെടുത്തിയതിനെ തുടർന്ന് വിവിധ സമുദായങ്ങൾ



തമ്മിലുള്ള സൗഹൃദം ശക്തിപ്പെടുത്തുവാനായിട്ടാണ് 2013 മുതൽ ഇഫ്താർ വിരുന്ന് സംഘടിപ്പിച്ചു വരുന്നത്. കൗൺസിലർ സ്റ്റീഫൻ അലാബ്രിട്ടിസ്, ലോർഡ് അഹ്മദ് തുടങ്ങിയവർ ഇഫ്താറിൽ പങ്കെടുക്കുകയുണ്ടായി.

# ഉപഹാരം നൽകി

**പള്ളിപ്പുറം:** ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ പട്ടാമ്പി-തൃത്താല പ്രദേശത്തെ പത്ര-ദൃശ്യ മാദ്ധ്യമ പ്രവർത്തകർക്ക് പെരുന്നാൾ ഉപഹാരങ്ങൾ നൽകി. പട്ടാമ്പി-തൃത്താല ബ്യൂറോകളിലെ മാതൃഭൂമി,മലയാള മനോരമ,ദേശാഭിമാനി എന്നീ പത്രമാധ്യമങ്ങൾക്കും പി.സി.വി, എ.സി.വി, സി.സി ടിവി എന്നീ പ്രാദേശിക ചാനൽ പ്രവർത്തകർക്കുമാണ് പള്ളിപ്പുറം ജമാഅത്ത് പ്രസിഡന്റ് പി.സൈദുട്ടി മാസ്റ്റർ സാഹിബിന്റെ നേതൃത്വത്തിൽ ഉപഹാരം നൽകിയത്. മൗലവി എൻ.ശഫീഖ് അഹ്മദ് സാഹിബ്, നാഇബ് സദർ വി.പി മൊയ്തീൻ കുട്ടി സാഹിബ്, സെക്രട്ടറി ഉമൂറെ ഖാരിജ സൈദ് സാഹിബ്, ഓഡിറ്റർ പി.സൈനുദ്ദീൻ സാഹിബ് എന്നിവർ സംഘത്തിലുണ്ടായിരുന്നു.

# ഈദ് മിലൻ 2014

**മഞ്ചേരി**: അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് മലപ്പുറം ജില്ലയുടെ ആഭിമുഖ്യത്തിൽ മഞ്ചേരി സിറ്റി പോയന്റ് ഓഡിറ്റോറിയത്തിൽ വച്ച് ഈദ് മിലൻ സംഘടിപ്പിച്ചു. അഹ്മദിയ്യാ ജമാഅത്ത് ലോകവ്യാപകമായി സംഘടിപ്പിക്കുന്ന ഈദ് മിലൻ ആധുനിക സമൂഹത്തിന് ആവശ്യമാണെന്ന് ചടങ്ങിൽ പങ്കെടുത്തു കൊണ്ട് ബിജെപി.നാഷണൽ കൗൺസിൽ അംഗം സി.വാസു ദേവൻ മാസ്റ്റർ അഭിപ്രായപ്പെട്ടു. മാനുഷികമൂല്യങ്ങളെ പരിപോഷിപ്പിക്കുന്ന പദ്ധതികളാണ് ലോകവ്യാപകമായി അഹ്മദിയ്യാ ജമാഅത്ത് നടത്തിവരുന്നതെന്നും ഇത്തരം പരിപാടികൾ ശ്ലാഘനീയമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ലോകസമാധാനത്തിന് അഹ്മദിയ്യാ ജമാഅത്തിന്റെ ആഗോളഅദ്ധ്യക്ഷൻ മുന്നോട്ട് വയ്ക്കുന്ന കാഴ്ചപ്പാട് മഹത്തരമാണെന്നും ഈ പ്രസ്ഥാനത്തെ അടുത്തറിയാൻ സാധിച്ചതിൽ സന്തോഷമുണ്ടെന്നും ചടങ്ങിൽ പങ്കെടുത്ത തന്ത്രി മൊടപ്പിലാപ്പള്ളി പരമേശ്വരൻ നമ്പൂതിരിപ്പാട് പറഞ്ഞു. 100 ക്ഷേത്രങ്ങളുടെ ചുമതലയുള്ള അദ്ദേഹം ജമാഅത്തിന്റെ സാന്നിദ്ധ്യം ലോകത്തിന് ആശ്വാസം നൽകുന്ന സമാധാനസന്ദേശമാണ് നൽകുന്നതെന്നും പറയുകയുണ്ടായി. ഹിന്ദു ഐക്യവേദി സംസ്ഥാന സെക്ര.മുരളീദരൻ, ബിജെപി ജില്ലാ സെക്ര. ബാബുരാജൻ മാസ്റ്റർ, ഡി.സി.സി. സെക്ര. എം.എ.റസാഖ് , എൻ.എസ്.എസ്. കോളേജ് പ്രിൻസിപ്പൽ, ആസാദ് സബൂർ(മോയിൻ കുട്ടി വൈദ്യർ സ്മാരകകമ്മിറ്റി ചെയർമാൻ) , ഫാദർ രാജു തോട്ടത്തിൽ, മലപ്പുറം മുൻസിപ്പൽ വൈസ് ചെയർ പേഴ്സൺ ഗിരിജ തുടങ്ങി പ്രമുഖ വ്യക്തിത്വങ്ങൾ സംബന്ധിച്ചു. ജില്ലാ അമീർ ടി.കെ.അമീറലി സാഹിബ് അദ്ധ്യക്ഷം വഹിച്ചു. മുബല്ലിഗ് ഇൻ ചാർജ്ജ് മൗലവി ഗുലാം അഹ്മദ് ഇസ്മാഈൽ സാഹിബ്, കരുളായി ജമാഅത്ത് അമീർ ടി.കെ.സിദ്ദീഖ് സാഹിബ് എന്നിവരും സന്നിഹിതരായിരുന്നു.







**എറണാകുളം**: അഹ്മദിയ്യ മുസ്‌ലിം ജമാഅത്ത് എറണാകുളം ജില്ലാ ചാപ്റ്ററിന്റെ ആഭിമുഖ്യത്തിൽ മസ്ജിദ് ഉമറിൽ വെച്ച് ഈദ്മിലൻ-14 നടക്കുകയുണ്ടായി. ജില്ലാ അമീർ പി.കെ.ശാഹുൽ ഹമീദ് സാഹിബ് അദ്ധ്യക്ഷത വഹിച്ച ഈദ് മിലന്റെ ഉദ്ഘാടനം പ്രമുഖ ഹൈക്കോടതി അഭിഭാഷകൻ അഡ്വ:ജയശങ്കർ നിർവഹിച്ചു. ഫാ:പോൾ തേലക്കാട്ട്, അഡ്വ:വി.ജെ.മാത്യു, മുഹമ്മദ് ഹുസൈൻ തുടങ്ങിയവർ ആശംസകൾ നേർന്നു. സമൂഹത്തിലെ വ്യത്യസ്ത തുറകളിൽപ്പെട്ടവരുടെ പങ്കാളിത്തം കൊണ്ട് ശ്രദ്ധേയമായ ഈദ് മിലൻ ജില്ലാ അമീർ സാഹിബിന്റെ ദുആയോടെ സമാപിച്ചു.




**കോഴിക്കോട്**: അഹ്മദിയ്യ മുസ്‌ലിം ജമാഅത്ത് കോഴിക്കോട് ജില്ലയുടെ ആഭിമുഖ്യത്തിൽ ബൈത്തുൽ ഖുദ്ദൂസിൽ ഈദ്മിലൻ-14 നടക്കുകയുണ്ടായി. ജില്ലാ അമീർ ഉദ്ഘാടനം ചെയ്തു. അഡ്വ.പി. ശ്രീധരൻ പിള്ള, മുൻ മേയർ എം.ഭാസ്കരൻ, ബിജെപി ജില്ലാ പ്രസിഡണ്ട് മുരളീധരൻ, ഫാദർ ജോർജ്ജ് പൂഞ്ചയിൽ, ഡോ.മൊയ്തു, സത്യദൂതൻ പത്രാധിപർ ഏ.എം.സലീം എന്നിവർ സംസാരിച്ചു. കോർപ്പറേഷൻ കൗൺസിലർമാർ, റസിഡണ്ട് അസോസിയേഷൻ മെമ്പർമാർ എന്നിവർ പങ്കെടുത്തു. ജില്ലാ അമീർ സാഹിബിന്റെ ദുആയോടെ പരിപാടി സമാപിച്ചു.





പൊതുവിജ്ഞാനം

# CATACOMBS

റോമൻ ഭരണാധിപന്മാരുടെ ആക്രമണത്തിൽ നിന്നും രക്ഷപ്പെടുന്നതിനായി ആദ്യകാല റോമൻ ക്യസ്തുമതവിശ്വാസികൾ അഭയം തേടിയിരുന്ന ഭൂഗർഭ അറകളെയാണ് CATACOMBS എന്നു പറയുന്നത്. മോമികളിലും യഹൂദരിലും മരണടഞ്ഞവരെ അടക്കം ചെയ്യുന്നതിനായി പട്ടണത്തിന് പുറത്ത് ഭൂഗർഭഅറകൾ തയ്യാറാക്കുന്ന രീതി നിലവുണ്ടായിരുന്നു. റോമൻ ഭരണാധിപന്മാരുടെ പീഢനങ്ങൾ പരിധി ലംഘിച്ചപ്പോൾ ക്രിസ്ത്യാനികൾ 300 ലധികം വർഷങ്ങൾ ഈ ഗുഹകളിലാണ് അഭയം തേടിയിരുന്നത്. വിശുദ്ധഖുർആനിലെ സൂറകഹ്ഫിൽ ഇതിനെ സംബന്ധിച്ചുള്ള പരാമർശം കാണാവുന്നതാണ്.



## ഘടന

മൂന്ന് നിലകളിലായിട്ടാണ് ഈ ഗുഹകൾ ഉള്ളത്. ഒളിച്ച് താമസിച്ചിരുന്ന കാലയളവിൽ അവർ അതിനെ തങ്ങളുടെ ആവശ്യങ്ങൾക്കനുസൃതമായി വികസിപ്പിക്കുകയും സൗകര്യങ്ങൾ ഒരുക്കുകും ചെയ്തിരുന്നു. ചിലരുടെ അഭിപ്രായത്തിൽ 15 മൈലുകൾ ദൂരം വരെ അതിനെ വികസിപ്പിച്ചിരുന്നു. ആരാധനകൾക്കായി പള്ളികളും അതിൽ നിർമിച്ചിരുന്നു. കൂടാതെ ശത്രുക്കളുടെ ആക്രമണത്തിൽ മരണമടയുന്നവരെ അടക്കം ചെയ്തിരുന്നതും അതിനുള്ളിൽ തന്നെയായിരുന്നു.









## സുരക്ഷാ സംവിധാനങ്ങൾ

- ഗുഹയ്ക്ക് മുന്നിൽ നായ്ക്കളെ നിർത്തിയിരുന്നു. അപരിചിതർ വന്നാൽ അവ കുരച്ച്കൊണ്ട് അകത്തുള്ളവർക്ക് വിവരം നൽകുമായിരുന്നു.
- ഭൂമിയിൽ നിന്ന് ഗുഹയിലേക്ക് ഇറങ്ങുന്നതിനായി അവർ മണ്ണ് കൊണ്ടുള്ള കോണിക്ക് പകരമായി മരം കൊണ്ടുള്ള കോണിയായിരുന്നു തയ്യാറാക്കിയത്. അതിലേക്ക് ഇറങ്ങിയതിന് ശേഷം അവർ മറ്റാരും അങ്ങോട്ട് എത്തിപ്പെടാതിരിക്കുന്നതിനായി അതിനെ എടുത്തു മാറ്റുമായിരുന്നു.
- ആദ്യനിലയിലെ ഓരോ മുറികളിലും നാല് വാതിലുകൾ ഉണ്ടായിരുന്നു. അതിൽ ഒന്ന് മാത്രമായിരുന്നു അടുത്ത മുറിയിലേക്ക് എത്തിയിരുന്നത്. മറ്റ് മൂന്ന് വാതിലുകളും അല്പം മുന്നേട്ട് പോയതിന് ശേഷം അവസാനിക്കുമായിരുന്നു. അഥവാ ശത്രു എങ്ങനെയെങ്കിലും എത്തിപ്പെട്ടാൽ ഈ രീതി അവരിൽ നിന്നും രക്ഷപ്പെടുന്നതിന് ഉപകരിക്കുമായിരുന്നു.
- രണ്ടാമത്തെ നില ആദ്യ നിലയേക്കാൾ ഇടുങ്ങിയതും അന്ധകാരമയവും ആയിരുന്നു. പരിചയമുള്ളവർക്കല്ലാതെ അതിലൂടെ കടന്നു പോകുക അസാധ്യമായിരുന്നു.
- മൂന്നാമത്തെ നില അതിനേക്കാളും ഇടുങ്ങിയതും ഈർപമുള്ളതും അന്ധകാരനിബിഢവുമായിരുന്നു. മറ്റുള്ളവർക്ക് അല്പ നിമിഷം പോലും അവിടെ നിൽക്കാൻ സാധിക്കില്ലായിരുന്നു.

1924 ൽ ഹദ്റത് ഖലീഫത്തുൽ മസീഹ് സാനി (റ) ഇംഗ്ലണ്ട് പര്യടന വേളയിൽ ഈ ഗുഹകൾ സന്ദർശിച്ചിരുന്നു.

*(അവ: തഫ്സീറെ കബീർ: വാല്യം 4)*

ആരോഗ്യം


ഡോക്ടർ നദീർ അഹ്മദ് മസ്ഹർ

# കൊളസ്ട്രോൾ




## ബ്ലഡ്കൊളസ്ട്രോൾ നിയന്ത്രിക്കുന്നതിനുള്ള മാർഗങ്ങൾ

കൊഴുപ്പ് അധികം അടങ്ങിയ ഭക്ഷണപദാർഥങ്ങൾ ഉപേക്ഷിക്കുക. നാരടങ്ങിയ ഭക്ഷണപദാർഥങ്ങൾ ധാരാള മായി ഉപയോഗിക്കുക. പച്ചക്കക്കറികളും ഫലവർഗങ്ങളും ധാരാളമായി ഉപയോഗിക്കുക. നിത്യവും കുറഞ്ഞത് 8,10 ഗ്ലാസ് വെള്ളമെങ്കിലും കുടിക്കുക.





### വെളുത്തുള്ളി കൊളസ്ട്രോൾ നിയന്ത്രിക്കുന്നതിൽ ആതീവഗുണകാരിയാകുന്നു.

വെളുത്തുള്ളിയുടെ കാപ്സ്യൂളുകളും വിപണിയിൽ ലഭ്യമാണ്. കൂടാതെ വെളുത്തുള്ളി മുറിച്ച് വെള്ളത്തോടൊപ്പം വിഴുങ്ങുന്നതും ഫലപ്രദമാണ്. രക്തത്തെ നേർപ്പിക്കുന്നതിന് വെളുത്തുള്ളിയിൽ പ്രത്യേക സവിശേഷത തന്നെ അടങ്ങിയിരിക്കുന്നു.







- **ഉണക്കമല്ലി പൊടിച്ച് അല്പമായി വെള്ളത്തോടൊപ്പം കഴിക്കുന്നതും നല്ലതാണ്.**
- **കൃത്യമായ വ്യായാമം കൊളസ്ട്രോളിന്റെ അളവിനെ നിയന്ത്രിക്കുന്നതിൽ വളരെ ഫലപ്രദമാണ്.**
- **സൊളസ്ട്രോളിനുള്ള ഹോമിയോ ചികിൽസ** Cholesterinum 30, Phytolacca30, Phosphorus30 **എന്നിവയുടെ മിശ്രിതം 3 പ്രാവശ്യം ഉപയോഗിക്കുക.**
- **അതുപോലെ ഡോക്ടർ റേക്കോഗ് ആന്റ് കമ്പനിയുടെ ജർമനിയിൽ തയ്യാറാക്കിയ ഹോമിയോ മിശ്രിതം നമ്പർ 79 ഉം ഇതിന് വളരെ ഫലപ്രദമാണ്.**
- **ഭക്ഷണത്തിൽ മിതത്വം ഏറ്റവും അനിവാര്യമായ വസ്തുതയാകുന്നു.**




*(അൽഫദ്ൽ റബ്വ, 2005)*

بسم الله الرحمن الرحيم

Majlis Khuddamul-Atfalul Ahmadiyya KERALA

Majlis Khuddamul Ahmadiyya & Atfalul Ahmadiyya

# Kerala State Ijtema 2014

Aug-16th & 17th

**CALICUT**

ഉദ്ഘാടനം

**റഫീഖ് അഹ്മദ് ബേഗ് സാഹിബ്**

സദ്ർ മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ, ഭാരത്



## കാര്യപരിപാടികൾ

- പതാക ഉയർത്തൽ
- ഉദ്ഘാടനം
- വിജ്ഞാന സദസ്സ് :

## മത്സര ഇനങ്ങൾ

- ഖുർആൻ പാരായണം
- പദ്യം (അറബി, ഉർദു & മലയാളം)
- പ്രസംഗം
- ക്വിസ് (ജനറൽ & ഖുത്വുബ)
- സംഘഗാനം
- പ്രബന്ധ രചന
- ചുമർ പത്രിക
- ഡോക്യുമെന്ററി പ്രദർശനം
- അടിക്കുറിപ്പ്
- തലവാചകം
- സന്ദേശകൈമാറ്റം
- വൺ മിനിറ്റ് സ്പീച്ച്

Nations can not be reformed without the reformation of the youth

---

**യുവാക്കൾ പരിഷ്ക്കരിക്കപ്പെടാതെ സമുദായത്തെ ഉദ്ധരിക്കാൻ സാദ്ധ്യമല്ല.**

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ)

Ijtema Sadr:
A.T.Nasarudheen (Kozhikode Zila Qaid)

Contact: 9846343855
Email : ijtema2014@gmail.com

എല്ലാ ഖുദ്ദാം, അത്ഫാൽ സഹോദരങ്ങളും കൃത്യസമയത്ത് എത്തിച്ചേരുന്നതിനും, ഇജ്ത്തിമയുടെ പരിപൂർണ്ണ വിജയത്തിനായി ദുആക്കും അപേക്ഷിക്കുന്നു.


| | | | |
|---|---|---|---|
| Printer & Publisher | : T.K.Mushtaq Ahmad | Chief Editor | : Mohammad Najeeb Khan |
| Manager | : A.T.Nasarudheen | Editor | : Arif Mohammad |
| Layout | : Quraish | Members | : Ameerudheen Sajid, T.Jamshad Ahmad |

Not for Sale, Circulation among members only | Views expressed in the publication are not nessessarily the belief of the Ahmadiyya Muslim Community

Printed & Published by T.K.Mushtaq Ahmad, for Majlis Khuddamul Ahmadiyya Kerala at Orange, Calicut